


# സമ്പൂർണ്ണകൃതികൾ: ഭാഗം X

കെ. ദാമോദരൻ



## 14. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള

# സമ്പൂർണ്ണകൃതികൾ: ഭാഗം X

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ഉള്ളടക്കം


14 സ്വദേശാഭിമാനി രാമകൃഷ്ണപിള്ള . . . . . . . . . . . . 1

1 ജീവിതവും പ്രവർത്തനവും . . . . . . 2

# 14

## സ്വദേശാഭിമാനി രാമകൃഷ്ണപിള്ള

# 1 ജീവിതവും പ്രവർത്തനവും

1878 മേയ് 25-ാം തീയതി പഴയ തിരുവിതാംകൂർ സംസ്ഥാനത്തിലെ നെയ്യാറ്റിൻകരയിൽ ശ്രീ. രാമകൃഷ്ണപിള്ള ജനിച്ചു. മുപ്പത്തിഎട്ടാം വയസ്സിൽ അദ്ദേഹം അന്തരിക്കുകയും ചെയ്തു. ഈ ചുരുങ്ങിയ ജീവിതകാലഘട്ടത്തിനിടയിൽ അദ്ദേഹം നൽകിയ സംഭാവനകളുടെ പ്രാധാന്യം മനസ്സിലാകണമെങ്കിൽ അദ്ദേഹം ജീവിച്ച പ്രവർത്തിച്ച കാലഘട്ടത്തിലെ, ചരിത്രപരവും സാമൂഹികവും, സാമ്പത്തികവുമായ സാഹചര്യം അവലോകനം ചെയ്യാതെ കഴിയുകയില്ല.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ, ചരിത്രപ്രസിദ്ധമായ കിളികൊല്ലൂർ യുദ്ധത്തിൽ സ്വാതന്ത്ര്യസമരസേനാനിയായ വേലുത്തമ്പിദളവ, ബ്രിട്ടീഷ് സേനയോട് പരാജയപ്പെട്ടതോടെ ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള തിരുവിതാംകൂർ ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ അമർന്നു കഴിഞ്ഞിരുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവ് രാജ്യത്തിനകത്തും പുറത്തുമുള്ള ശത്രുക്കളിൽ നിന്നും തന്റെ രാജ്യത്തെ രക്ഷിക്കുന്നതിനു വേണ്ടി, ഈസ്റ്റ് ഇന്ത്യാക്കമ്പനിയുമായി ഉണ്ടാക്കിയ കരാർ, ബ്രിട്ടീഷുകാർക്ക് പടിപടിയായി, തങ്ങളുടെ അധികാരം സ്ഥാപിക്കുന്നതിനുള്ള ഒരു ഉപകരണമായിത്തീർന്നു. ആഭ്യന്തരമായ ആക്രമണങ്ങളിൽ നിന്നും രാജ്യത്തിന് സംരക്ഷണം നൽകുന്നതിന് പകരമായി, മാർത്താണ്ഡവർമ്മ മഹാരാജാവ് ബ്രിട്ടീഷ് ഭരണാധികാരികളെ വിശ്വസ്തതയോടെ സേവിക്കുകയും, പ്രതിവർഷം എട്ടു ലക്ഷം രൂപ പാരിതോഷികം നൽകുകയും ചെയ്തുവന്നു. ബ്രിട്ടീഷ് ഭരണാധികാരികൾ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ഭരണത്തിന് പിന്തുണ നൽകുകയും, സംസ്ഥാന വരുമാനത്തിന്റെ നല്ലൊരു ഭാഗം ആഡംബരപൂർണ്ണമായ ജീവിതത്തിനും കൊട്ടാരത്തിലെ മറ്റ് ആർഭാടങ്ങൾക്കും ചിലവഴിക്കാൻ അദ്ദേഹത്തെ അനുവദിക്കുകയും ചെയ്തു. ബ്രിട്ടീഷ് ഭരണാധികാരികളുടെ ഉപദേശം കൂടി കണക്കിലെടുത്തുകൊണ്ട്, നിയമിക്കപ്പെടുന്ന ദിവാന്റെ സഹായത്തോടെ ആയിരുന്നു രാജാവ് രാജ്യം ഭരിച്ചുപോന്നത്. എന്നാൽ ഫലത്തിൽ തിരുവിതാംകൂർ ബ്രിട്ടീഷ് സാമ്രാജ്യത്വ ഭരണത്തിൻ കീഴിലായിരുന്നു.

മഹാരാജാവ് ഭൂവുടമകളുമായി അടുത്ത ബന്ധത്തിലായിരുന്നു. ബ്രാഹ്മണർ സമൂഹത്തെ, സാമ്പത്തികമായി, മാത്രമല്ല സൈദ്ധാന്തികമായും, ആത്മീയമായും കീഴ്പ്പെടുത്തിയിരുന്നു. ബ്രാഹ്മണർക്ക് ആഹാരവും വസതിയും ഗവൺമെന്റ് ചിലവിൽ നൽകി വന്നു. രാമയ്യൻദളവയെന്ന പേരിൽ പ്രസിദ്ധനായിരുന്ന ബ്രാഹ്മണ ഉദ്യോഗസ്ഥനായിരുന്നു ഈ ചിട്ട ആദ്യമായി ഏർപ്പെടുത്തിയത്. മഹാരാജാവിന്റെ ഗുരുനാഥന്മാരായും ഉപദേഷ്ടാക്കളായും ബ്രാഹ്മണർ മാത്രമാണ് നിയമിക്കപ്പെട്ടിരുന്നത്. അവർ ജനഹൃദയങ്ങളിൽ രാജഭക്തി വളർത്താൻ ശ്രമിച്ചു. മഹാരാജാവ് ദൈവകുലജാതനാണെന്നും, പത്മനാഭദാസനായിട്ടാണ് രാജ്യം ഭരിക്കുന്നതെന്നും ഉള്ള അന്ധവിശ്വാസം പരത്തുവാനും അവർ ശ്രമം നടത്തി, ഉന്നതങ്ങളായ ഔദ്യോഗിക സ്ഥാനങ്ങളെല്ലാം ബ്രാഹ്മണർക്കും മറ്റു ഉയർന്ന ജാതിക്കാർക്കും വേണ്ടി ഒഴിച്ചു വച്ചിരുന്നു. പണ്ഡിതന്മാരും, എഴുത്തുകാരും രാജതാൽപര്യങ്ങൾക്കു വിധേയരായി പ്രവർത്തിച്ചു. കേവലം രാജപ്രീതിക്കുവേണ്ടി അവർ പരസ്പരം മത്സരിച്ചു. ഉയർന്ന വർഗ്ഗങ്ങൾക്കുവേണ്ടി താഴ്ന്ന ജാതിയിൽപെട്ടവർ പണിയെടുത്തു. അവർ തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും ആയിരുന്നു. അവർക്ക് പൗരാവകാശങ്ങൾ നിഷേധിക്കപ്പെട്ടു. വിദ്യാഭ്യാസത്തിനും ഗവൺമെന്റുദ്യോഗങ്ങൾക്കും അവർ അർഹരായിരുന്നില്ല.

എന്നാൽ ഈ നില അങ്ങിനെ സ്ഥിരമായി തുടർന്നു പോയില്ല. ഇന്ത്യക്കകത്തും പുറത്തും നടന്നുകൊണ്ടിരുന്ന വമ്പിച്ച പരിവർത്തനങ്ങൾ തിരുവിതാംകൂറിനെയും സ്വാധീനിച്ചു.

തിരുവിതാംകൂറിൽ തന്നെ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു. ആലപ്പുഴയിലും മറ്റു കേന്ദ്രങ്ങളിലും വ്യവസായശാലകൾ നിലവിൽ വന്നു. ബ്രിട്ടീഷ് മുതലാളിമാർ തേയില-റബ്ബർ തോട്ടങ്ങൾ ഉണ്ടാക്കി. 1866-67 ലെ ജന്മി-കുടിയാൻ നിയമം സ്വകാര്യഭൂമിയിൽ കുടിയാന്മാർക്ക് സ്ഥിരാവകാശം നൽകി. കര-ജല ഗതാഗത സൗകര്യങ്ങൾ വികസിച്ചു. 1904-ൽ തിരുനെൽവേലി വഴി കൊല്ലത്തേയും മദിരാശിയേയും ബന്ധിപ്പിക്കുന്ന റയിൽവേ ഉൽഘാടനം ചെയ്യപ്പെട്ടു. കച്ചവടവും വ്യവസായവും അഭിവൃദ്ധിപ്രാപിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസം നടത്തുന്ന സ്കൂളുകളുടെ ഒരു ശൃംഖലയും 1869-ൽ തിരുവനന്തപുരത്ത് സ്ഥാപിതമായ ആർട്ട്സ് കോളേജും പുരോഗമനപരമായ യൂറോപ്യൻ ചിന്തകളുടെ പ്രവാഹത്തിന് വഴിയൊരുക്കി. 1888-ൽ നിയമനിർമ്മാണസഭയും 1904-ൽ ശ്രീമൂലം അസംബ്ലിയും നിലവിൽ വന്നു. ഇതിന്റെയെല്ലാം പരിണിതഫലമായി തിരുവിതാംകൂർ സംസ്ഥാനത്തിന്റെ ആധുനികവൽക്കരണ പ്രക്രിയ ത്വരിതമാക്കപ്പെട്ടു. പഴയ നാടുവാഴിത്ത സമൂഹത്തിൽ മുതലാളിത്തത്തിന്റെ നുഴഞ്ഞുകയറ്റം ശക്തമായി.

രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലെന്നപോലെ, തിരുവിതാംകൂറിലും 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടു കൂടി ഭൂമിധനികകർഷക കുടുംബങ്ങളിൽ നിന്നും എഴുത്തുകാർ, നിരൂപകന്മാർ, അഭിഭാഷകർ, ഗവൺമെന്റുദ്യോഗസ്ഥന്മാർ തുടങ്ങിയവർ ഉൾപ്പെട്ട ഒരഭിജാതവർഗ്ഗം ഉയർന്നുവന്നു. അവരുടെ ജനാധിപത്യാഭിനിവേശത്തിൽ പലപ്പോഴും രാജഭക്തിയും ബ്രിട്ടീഷുകാരോടുള്ള വിധേയത്വവും നിഴലിച്ചിരുന്നു. ഇവരിൽ പലരും മഹാരാജാവിന്റെ കാരുണ്യത്തേയും, ബ്രിട്ടീഷ് ഗവൺമെന്റിന്റെ നീതിബോധത്തേയും ആശ്രയിച്ചുകൊണ്ട് ബഹുജനങ്ങൾക്ക്, മെച്ചപ്പെട്ട ഒരു ഭാവി സൃഷ്ടിക്കാമെന്ന് സ്വപ്നം കണ്ടു. ഇവരിൽ തന്നെ നിരവധി പേർ സ്വന്തം താൽപര്യങ്ങൾ നേടുവാൻ മാത്രം മഹാരാജാവിനും, ബ്രിട്ടീഷുകാർക്കും സ്തുതിഗീതങ്ങൾ പാടുന്നവരും ആയിരുന്നു. എന്നാൽ മറ്റു പലരേയും സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും ആദർശങ്ങൾ ആവേശം കൊള്ളിക്കുകയും അവർ നിലവിലുള്ള സാഹചര്യങ്ങൾ പാടെ മാറണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും ചെയ്തു. ഇവരിൽ തന്നെ കൂടുതൽ മിതവാദികളായിരുന്നവർ രാഷ്ട്രീയമായും സാമൂഹ്യമായും ഉള്ള വിമർശനങ്ങൾ നടത്തുന്നതിൽ നിന്നും ഒഴിഞ്ഞുമാറി നിൽക്കുകയും അവരുടെ ജനാധിപത്യാഭിവാഞ്ഛ ആധുനികകലാസാഹിത്യപ്രവർത്തനങ്ങളിലൂടെ പ്രതിഫലിപ്പിക്കുകയും ചെയ്തു. അത്തരത്തിലുള്ള ചെറുകഥ, കവിത, നോവൽ, പെയിന്റിംഗ്സ് തുടങ്ങിയവ ധാരാളം ഉണ്ടായി. ഈ കാലഘട്ടത്തിലെ ജനാധിപത്യചിന്തയുടെ ഏറ്റവും ഉജ്ജ്വലനായ പ്രതിനിധിയായിരുന്നു കെ. രാമകൃഷ്ണപിള്ള. മർദ്ദിത ജനവിഭാഗത്തിന്റെ ശക്തനായ നേതാവും, പുരോഗതിക്ക് വിഘാതമായി നിന്ന ജീർണ്ണിച്ച ആശയാചാരങ്ങളുടെയും സ്ഥാപനങ്ങളുടെയും നിർദ്ദയ വിമർശകനും, ആയിരുന്നു അദ്ദേഹം. ഈ നൂറ്റാണ്ടിലെ ആദ്യദശകങ്ങളിൽ കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ മാറ്റങ്ങൾക്കുവേണ്ടി ഇത്രയും സംഭാവന ചെയ്തു, ജനങ്ങളിൽ ഇത്രയധികം സ്വാധീനം ചെലുത്തിയ എഴുത്തുകാരൻ ഉണ്ടായിട്ടില്ല.

പാവപ്പെട്ട ഒരു കുടുംബത്തിലായിരുന്നു രാമകൃഷ്ണപിള്ള ജനിച്ചത്. അച്ഛൻ ഒരു ബ്രാഹ്മണ പുരോഹിതനായിരുന്നു. അമ്മ അമ്പലത്തിലെ അടിച്ചുതളി ജോലിക്കാരിയും, നെയ്യാറ്റിൻകരയിലെ അഭിഭാഷകനായിരുന്ന അമ്മാവന്റെ സഹായത്തോടെ രാമകൃഷ്ണപിള്ള പ്രൈമറി സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കുകയും ഉന്നത വിദ്യാഭ്യാസത്തിനായി തിരുവനന്തപുരത്തു പോകുകയും ചെയ്തു. പക്ഷേ, അമ്മാവന്റെ ഈ സഹായം അധികകാലം തുടർന്നില്ല. തിരുവനന്തപുരത്തുവച്ച് രാമകൃഷ്ണപിള്ളയുടെ ആശയങ്ങൾക്കും വീക്ഷണഗതിക്കും വിപ്ലവകരമായ മാറ്റങ്ങൾ സംഭവിച്ചു. അനീതിക്കും, ചൂഷണത്തിനും, മർദ്ദനത്തിനും, എതിരായ ഒടുങ്ങാത്ത അമർഷവും ജനസേവനത്തിനു വേണ്ടിയുള്ള ഉൽക്കടമായ അഭിവാഞ്ഛയും അദ്ദേഹത്തിന്റെ ചിന്തയിൽ സ്ഥാനം പിടിച്ചു. അൽപകാലം കവിതയും പ്രബന്ധവും രചിച്ചുകൊണ്ട് സാഹിത്യലോകത്തിൽ വിഹരിച്ച അദ്ദേഹം പത്രപ്രവർത്തനത്തിലേക്കു കടക്കുകയും ബിരുദം നേടുന്നതിനും മുൻപുതന്നെ കേരളാർപ്പണത്തിന്റെ പത്രാധിപരാവുകയും ചെയ്തു. മരുമകൻ മഹാരാജാവിന്റെ ഗവൺമെന്റിലെ ഒരാഫീസറാകണമെന്നാഗ്രഹിച്ച അമ്മാവൻ രാമകൃഷ്ണപിള്ളയോട് പത്രപ്രവർത്തനമുപേക്ഷിച്ച് വിദ്യാഭ്യാസം തുടരാനാവശ്യപ്പെട്ടു. അമ്മാവനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നുവെങ്കിലും രാമകൃഷ്ണപിള്ള പത്രപ്രവർത്തനമുപേക്ഷിക്കാൻ തയ്യാറായില്ല. അങ്ങനെ അദ്ദേഹം അമ്മാവനോടും കുടുംബത്തോടും യാത്രപറഞ്ഞകന്നു. അന്നുമുതൽക്ക് രാമകൃഷ്ണപിള്ള സ്വന്തം കാലിൽ നിൽക്കാൻ തുടങ്ങി.

ജാതിമതഭേദമെന്യേ ജനങ്ങളെ സേവിക്കുകയാണ് തന്റെ ലക്ഷ്യമെന്നും പത്രപംക്തി ജാതിമതസ്പർദ്ധകൾ ഇളക്കി വിടുവാൻ ഉപയോഗിക്കുന്നത് ഒരു പത്രാധിപർക്കും ഭൂഷണമല്ലെന്നും രാമകൃഷ്ണപിള്ള കേരളദർപ്പണത്തിന്റെ ആദ്യലക്കത്തിൽ (സെപ്റ്റംബർ 14, 1899) തന്നെ പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ രാഷ്ട്രീയ ചിന്തകൾ അപ്പോഴും പക്വത നേടിയിരുന്നില്ല. വായിക്കാനും പഠിക്കാനുംവേണ്ടി അദ്ദേഹം തന്റെ ഒഴിവു സമയത്തിന്റെ ഗണ്യഭാഗവും വിനിയോഗിച്ചു. സാഹിത്യപരവും സാമൂഹ്യവുമായ പ്രശ്നങ്ങൾ ആയിരുന്നു അദ്ദേഹം തന്റെ പത്രത്തിൽ മുഖ്യമായും കൈകാര്യം ചെയ്തത്. രാഷ്ട്രീയത്തിന് രണ്ടാം സ്ഥാനം മാത്രമേ നൽകിയിരുന്നുള്ളൂ. പത്രുമുടമസ്ഥന്റെ സാമ്പത്തിക ക്രമക്കേടുകൾ മൂലം കേരളദർപ്പണം നിർത്തുകയുണ്ടായി. തുടർന്നദ്ദേഹം കേരളപഞ്ചികയുടെ പത്രാധിപസ്ഥാനം ഏറ്റെടുത്തു.

അതിന്റെ ആദ്യലക്കം പുറത്തുവന്നത് 1901 ഏപ്രിൽ 22 നായിരുന്നു. അപ്പോഴേക്കും അദ്ദേഹം ഗവൺമെന്റ നയങ്ങളുടെ നിശിതവിമർശകനായി മാറിക്കഴിഞ്ഞിരുന്നു. രണ്ടുവർഷങ്ങൾ കഴിയുംമുമ്പുതന്നെ പത്രുമുടമയുമായി അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുത്തു. ഗവൺമെന്റുദ്യോഗസ്ഥന്മാരുടെ ദുഷ്ചെയ്തികളോടു കൂടുതൽ മൃദുലമായ ഒരു വിമർശനരീതി കൈക്കൊള്ളണമെന്നായിരുന്നു പത്രുമുടമസ്ഥന്റെ നിർദ്ദേശം. അഭിപ്രായഭിന്നത 1903 ഫെബ്രുവരിയിൽ അദ്ദേഹത്തിന്റെ രാജിയിൽ അവസാനിച്ചു.

പിന്നീട് രാമകൃഷ്ണപിള്ള സ്വതന്ത്രപത്രപ്രവർത്തകനെന്ന നിലയിൽ 'മലയാളി' വാരികയിൽ തുടർച്ചയായി എഴുതിത്തുടങ്ങി. അദ്ദേഹത്തിന്റെ ലേഖനങ്ങൾ ചുരുങ്ങിയ കാലംകൊണ്ട് വൻപിച്ച ജനപ്രീതി നേടുകയും മലയാളിയുടെ പത്രാധിപരായി അദ്ദേഹം നിയമിക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ രാഷ്ട്രീയ ലേഖനങ്ങൾ, പ്രത്യേകിച്ച് രാജകൊട്ടാരവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ അഴിമതി തുറന്നു കാട്ടിക്കൊണ്ടുള്ളവ, ജനവികാരങ്ങളുടെ പ്രതിഫലനങ്ങളായിത്തീരുകയും അത് വാരികയുടെ പ്രചാരം വർദ്ധിക്കുന്നതിന് വഴിയൊരുക്കുകയും ചെയ്തു. എന്നാൽ, ഈ ലേഖനങ്ങൾ കണ്ട് വിറളിപിടിച്ച ഉദ്യോഗസ്ഥമേധാവികൾ അങ്കലാപ്പ് കൊണ്ടിരുന്ന പത്രുമുടമയുടെ മേൽ സമ്മർദ്ദം ചെലുത്തുകയും അയാൾ രാമകൃഷ്ണപിള്ളയോടു പത്രാധിപസ്ഥാനം രാജിവെയ്ക്കുവാനാവശ്യപ്പെടുകയും ചെയ്തു. രാമകൃഷ്ണപിള്ള രാജി വയ്ക്കുകയും 1905-ൽ തന്റെ സ്വന്തം പത്രം, കേരളൻ തുടങ്ങുകയും ചെയ്തു.

'കേരളൻ' ഒരു മാസികയായിരുന്നതിനാൽ നിലവിലുള്ള സാഹചര്യങ്ങളെ നേരിടുവാൻ അത് അപര്യാപ്തമായിരുന്നു. ഈ ഘട്ടത്തിലാണ് വക്കം മൗലവി എന്ന പേരിൽ അറിയപ്പെട്ടിരുന്ന അബ്ദുൾ ഖാദർ സാഹിബ് തന്റെ പത്രമായ 'സ്വദേശാഭിമാനി' യുടെ പത്രാധിപത്യം ഏറ്റെടുക്കുവാൻ രാമകൃഷ്ണപിള്ളയോടഭ്യർത്ഥിച്ചത്. അദ്ദേഹത്തിന്റെ വിപ്ലവപരമായ ആശയങ്ങളിൽ അത്യന്തം ആകൃഷ്ടനായ മൗലവി സാഹിബ് തന്റെ പ്രസ്സും മറ്റു ഉപകരണങ്ങളും രാമകൃഷ്ണപിള്ളയ്ക്ക് വിട്ടുകൊടുക്കുകയും പത്രം എഡിറ്റു ചെയ്യുന്നതിനും നടത്തുന്നതിനും പൂർണ്ണ സ്വാതന്ത്ര്യം നൽകുകയും, പുരോഗമനപരമായ പാതയിൽക്കൂടി യഥേഷ്ടം മുന്നോട്ടുപോകാൻ അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. 1906 ജനുവരിയിൽ 'സ്വദേശാഭിമാനി' ഒരു വാരികയായി പ്രസിദ്ധീകരണമാരംഭിച്ചു. അൽപം കഴിഞ്ഞ് അത് ദ്വൈവാരികയായും പിന്നീട് ത്രൈവാരികയായും പ്രസിദ്ധീകരിക്കപ്പെട്ടു. അവസാനം സ്വദേശാഭിമാനി ഒരു ദിനപത്രമായി. കൂടെ കേരളൻ മാസികയും തുടർന്നു.

വിപ്ലവവീര്യം നിറഞ്ഞു നിൽക്കുന്ന അത്യന്തം പ്രക്ഷുബ്ധമായ തിളച്ചുമറിഞ്ഞുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്. 1905, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഒരു പുതിയ കാലഘട്ടം ഉദ്ഘാടനം ചെയ്യപ്പെട്ടു. രാമകൃഷ്ണപിള്ളയുടെ ജീവിതത്തിലും ഒരു നൂതന അദ്ധ്യായം ആരംഭിച്ചത് 1905 ലായിരുന്നു. 1905 ലെ റഷ്യൻ വിപ്ലവം, കോളനി രാജ്യങ്ങളുടെ സാമ്രാജ്യത്വവിരുദ്ധ മുന്നേറ്റം, ബംഗാളിന്റെ വിഭജനം, ഇന്ത്യൻ ദേശീയ കോൺഗ്രസ്സിൽ തീവ്രവാദികളുടെ ഉയർച്ച, 1906-ൽ കോൺഗ്രസ്സിന്റെ കൽക്കത്ത സമ്മേളനത്തിൽ വച്ച് പാസ്സാക്കിയ 'സ്വരാജ്' പ്രമേയം. 1907-ൽ സൂററ്റ് കോൺഗ്രസ്സിൽ വച്ച് നിലവിലുള്ള ഭരണസമ്പ്രദായം ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് അനുക്രമമായി പരിഷ്കരിക്കണമെന്ന് വാദിച്ചിരുന്ന മിതവാദികളും, ബഹിഷ്കരണം സ്വദേശി-ബഹുജനസമരം എന്നീ മാർഗ്ഗങ്ങളിൽക്കൂടി സ്വയം ഭരണം നേടണമെന്നു വാദിച്ച തീവ്രവാദികളും തമ്മിലുള്ള പിളർപ്പ്, സ്വാതന്ത്ര്യസമരത്തിൽ ആദ്യമായി ബഹുജനങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തം, വ്യാവസായിക റെയിൽവേ തൊഴിലാളികളുടെ പണിമുടക്ക്, പഞ്ചാബിലെ കാർഷികസമരങ്ങൾ, ബ്രിട്ടീഷ് ഭരണാധികാരികളുടെ ഭീകര മർദ്ദന നടപടികൾ 1907 ലെ 'രാജദ്രോഹ സമ്മേളന നിരോധന നിയമം' തീവ്രവാദികളായ നേതാക്കന്മാരുടെ അറസ്റ്റുകളും നാടുകടത്തലും ഈ സംഭവപരമ്പരകളെല്ലാം രാമകൃഷ്ണപിള്ളയുടെ ചിന്തയിൽ മായാത്ത മുദ്രകൾ പതിപ്പിച്ചു. അദ്ദേഹത്തിന്റെ വീക്ഷണം വിശാലമായി ജനാധിപത്യപരമല്ലാത്തതും അടിച്ചൊതുക്കലിന്റേതുമായ നിലവിലുള്ള സാഹചര്യങ്ങളോടുള്ള അദ്ദേഹത്തിന്റെ എതിർപ്പിന് മൂർച്ച കൂടുകയും അവ കൂടുതൽ ശാസ്ത്രീയമായിത്തീരുകയും ചെയ്തു.

സ്വന്തം നിയന്ത്രണത്തിലുള്ള 'കേരളനിലൂടെയും' 'സ്വദേശാഭിമാനി' യിലൂടെയും രാമകൃഷ്ണപിള്ള ജനങ്ങളെ ഒരു പുതിയ ബോധമണ്ഡലത്തിലേക്കുയർത്തുന്നതിനും, തങ്ങളുടെ മർദ്ദകരെ എതിർത്തു തോൽപിക്കുന്നതിനും ആവേശം പകരുന്ന പുതിയ ആശയങ്ങൾ അവരിൽ കുത്തിവയ്ക്കുന്നതിനും തന്റെ അതിശക്തമായ തൂലിക ചലിപ്പിച്ചു. ലോകത്തിലെ വിവിധരാജ്യങ്ങളിലെ സംഭവഗതികളെക്കുറിച്ചും സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടി റഷ്യയിലും ആസ്ട്രേലിയയിലും ചൈനയിലും നടക്കുന്ന സമരങ്ങളേക്കുറിച്ചും ഇംഗ്ലണ്ട്, ജർമ്മനി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിലെ സംഭവങ്ങൾ അവിടങ്ങളിലെ ജനങ്ങളും ഗവൺമെന്റുകളും തമ്മിൽ നടക്കുന്ന ഏറ്റുമുട്ടലുകൾ എന്നിവയെക്കുറിച്ചുമെല്ലാം വിവരങ്ങൾ ജനങ്ങളെ ധരിപ്പിക്കാൻ അദ്ദേഹം തന്റെ പത്രപംക്തി ഉപയോഗിച്ചു. ഈ രാജ്യങ്ങളിൽ നടക്കുന്ന കലാപങ്ങൾ അതാതു രാജ്യങ്ങളിലെ ഭരണാധികാരികളുടെ കൊള്ളരുതായ്മകൊണ്ടാണെന്നും, ഇന്ത്യയിലെ രാജാക്കന്മാർക്കും ആ രാജ്യങ്ങളിലെ രാജാക്കന്മാരുടെ ഗതിയിൽ നിന്നും പാഠം പഠിക്കാനുണ്ടെന്നും രാമകൃഷ്ണപിള്ള അഭിപ്രായപ്പെട്ടു. ഇന്ത്യയിൽ പടർന്നു പിടിച്ചുകൊണ്ടിരുന്ന സ്വരാജ്യത്തിനു വേണ്ടിയുള്ള പ്രക്ഷോഭണത്തിന്റെ അതിശക്തനായ വക്താവായ അദ്ദേഹം ഇങ്ങനെ പ്രഖ്യാപിച്ചു. ഇന്ത്യയിലെ ജനങ്ങൾ സ്വയംഭരണത്തിൽ തല്പരരല്ലെന്നു വാദിക്കുന്നവരോടു ഞാൻ സഹതപിക്കുന്നു.

ബ്രിട്ടീഷിന്ത്യയിലെ രാഷ്ട്രീയ പ്രക്ഷോഭണങ്ങളുടെ സ്വഭാവങ്ങളെ വിശകലനം ചെയ്തുകൊണ്ട് 1907 മെയ് 15-ാം തീയതി അദ്ദേഹം കഴ്സൺ പ്രഭുവിന്റെ ബംഗാൾ വിഭജനമാണ് അവിടത്തെ കുഴപ്പങ്ങൾക്കു കാരണം. പ്രതിഷേധ പ്രകടനങ്ങൾക്കും സ്വദേശിക്കും ബ്രിട്ടീഷ് സാധനങ്ങളുടെ ബഹിഷ്കരണത്തിനും അതിനിടയാക്കിയ പ്രക്ഷോഭണം ഇതര സംസ്ഥാനങ്ങളിലേക്കും പടർന്നു പിടിച്ചു. ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരുടെ വിവേകരഹിതമായ മർദ്ദനമുറകൾ സംഗതികൾ കൂടുതൽ വഷളാക്കി. മർദ്ദനം പ്രക്ഷോഭണത്തെ ആളിക്കത്തിക്കുവാൻ മാത്രമാണ് സഹായിച്ചത്. പഞ്ചാബിൽ പ്രക്ഷോഭകാരികൾക്കെതിരെ ഗവൺമെന്റ് നിരവധി കേസുകൾ കെട്ടിച്ചമച്ചു. ജനങ്ങൾ കലാപങ്ങളും പ്രകടനങ്ങളും നടത്തുവാൻ തുടങ്ങി. മർദ്ദനമുറകൾ പരാജയപ്പെട്ടു. അവ എരിതീയിൽ എണ്ണ ഒഴിച്ചാലെന്നപോലെ ജനരോഷം തിളച്ചു മറിയാൻ ഇടയാക്കി. ഇന്ത്യയിൽ നടക്കുന്ന പ്രക്ഷോഭണങ്ങളും അസംതൃപ്തിയും എന്തെന്തു രൂപഭാവങ്ങൾ കൈക്കൊള്ളുമെന്നു പ്രവചിക്കുക ദുഷ്കരമാക്കിത്തീർത്തു.

'കേരളനി' ലെ പത്രാധിപകുറിപ്പുകളിൽ ബംഗാളിലെയും പഞ്ചാബിലെയും മർദ്ദനങ്ങളേയും ലാലാലജ്പതറായിയെ നാടുകടത്തിയതിനെയും അദ്ദേഹം അപലപിച്ചുകൊണ്ടു ഇങ്ങനെ എഴുതി:

> "മദം ഇളകിയ ഒരാനയോടു ഉപമിക്കാവുന്ന ഇന്ത്യൻ രാഷ്ട്രീയ പ്രക്ഷോഭണങ്ങളെ പൊതുസമ്മേളനങ്ങളുടെ മേലുള്ള നിരോധനാജ്ഞയാകുന്ന ചങ്ങലകൊണ്ട് തളയ്ക്കുവാനോ, നാടുകടത്തൽ, ജനങ്ങളുടെ നേരെ വെടിവയ്ക്കൽ ഇത്യാദിയുള്ള തോട്ട പ്രയോഗങ്ങൾകൊണ്ടു തുളക്കുവാനോ കഴിയുമോ എന്നു സംശയമാണ്".

പഞ്ചാബിലെ കുഴപ്പങ്ങൾക്കു കാരണം ലാലാലജ്പതറായിയുടെ രാജദ്രോഹപരമായ പ്രചരണങ്ങളാണെന്ന സെക്രട്ടറി ഓഫ് സ്റ്റേറ്റ് മി. ജോൺ മോർളിയുടെ പ്രസ്താവനയെ പുച്ഛിച്ചു തള്ളിക്കൊണ്ട് മിതവാദിയായ ഗോഖലെപോലും 'ടൈംസ് ഓഫ് ഇന്ത്യ' യിലെഴുതിയ ഒരു ലേഖനത്തിൽ പഞ്ചാബിലെ അസ്വസ്ഥതകൾക്കു വഴിയൊരുക്കിയത് ലജ്പത്റായിയുടെ പ്രസംഗങ്ങളല്ല. ഗവൺമെന്റിന്റെ മർദ്ദന നയങ്ങളും കർഷകരുടെ ചൂഷണവും ആണെന്ന് എഴുതിയത് അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി.

തിലകന്റെ അപ്പീൽ ഹർജി ബോംബെ ഹൈക്കോടതി തള്ളിക്കളഞ്ഞപ്പോൾ "ഒരാൾ കുറ്റം ചെയ്തിട്ടുണ്ടെന്നു തെളിയിക്കപ്പെടുന്നതുവരെ അയാൾക്കു സ്വതന്ത്രമായി വർത്തിക്കുവാൻ അവകാശമുണ്ടെന്നുള്ള" നിയമശാസനം ഉദ്ധരിച്ചുകൊണ്ടു രാമകൃഷ്ണപിള്ള എഴുതി, "രാജ്യദ്രോഹമെന്ന പദം പലരും പലതരത്തിൽ വ്യാഖ്യാനിക്കുന്ന ഒന്നാണ്. ഷോട്ടാ-പോലീസുദ്യോഗസ്ഥന്മാർക്കാകട്ടെ അവരുടേതായ വ്യാഖ്യാനമുണ്ട്. ജാമ്യാപേക്ഷ നിരസിക്കപ്പെട്ടത് കഷ്ടമായിപ്പോയി".

തിലകന്റെ ശിക്ഷയെ തുടർന്നു കൽക്കത്തയിലും മറ്റിടങ്ങളിലും ഹർത്താൽ ആചരിക്കപ്പെട്ടുവെന്നു "സ്വദേശാഭിമാനി" റിപ്പോർട്ടു ചെയ്തു. ബോംബെയിൽ യൂറോപ്യന്മാർ ആക്രമിക്കപ്പെട്ടു. പട്ടാളത്തെ ഇറക്കുകയും വെടിവെയ്പ്പു നടക്കുകയും ചെയ്തു. വെടിവെയ്പ്പിൽ പത്തോ പന്ത്രണ്ടോ പേർക്കു ജീവഹാനി സംഭവിക്കുകയും അൻപതോളം പേർക്കു പരിക്കേൽക്കുകയും ചെയ്തു.

1908 ജൂലായ് 25-ാം തീയതി രാമകൃഷ്ണപിള്ള കോടതിയിൽ ശ്രീതിലക് നടത്തിയ ധീരമായ പ്രഖ്യാപനത്തെ അഭിനന്ദിച്ചിരുന്നു. തിലകിനെ 6 വർഷത്തേക്ക് നാടുകടത്താനുള്ള ഹൈക്കോടതിയുടെ വിധി തികഞ്ഞ ക്രൂരതയാണെന്നും മുഖപ്രസംഗം എഴുതി. പൊതുസമ്മേളനങ്ങൾ നിരോധിച്ചതിനേയും, പത്രസ്വാതന്ത്ര്യം അടിച്ചമർത്താനായി ഗവൺമെന്റ് പത്രനിയമബില്ല് അവതരിപ്പിച്ചതിനെയും നിശിതമായി വിമർശിച്ചുകൊണ്ട് അത്തരം നടപടികളിലൂടെ എല്ലാ പ്രക്ഷോഭണങ്ങളേയും അടക്കി നിർത്താനാവുമെന്നാണ് ഗവൺമെന്റ് കരുതുന്നതെങ്കിൽ, അതൊരു വെറും വ്യാമോഹം മാത്രമായിരിക്കുമെന്ന്, രാമകൃഷ്ണപിള്ള എഴുതി "മനുഷ്യസ്വഭാവത്തെപ്പറ്റി അവർക്ക് യാതൊരു ധാരണയുമില്ലെന്നാണ് ഇതെല്ലാം കാണിക്കുന്നത്. സർക്കാരിന്റെ മർദ്ദനപരിപാടികൾ പ്രക്ഷോഭണത്തിന്റെ വീര്യം വർദ്ധിപ്പിക്കുകയേയുള്ളൂ. ജനവികാരങ്ങളും അഭിലാഷങ്ങളും എന്ന് മാനിക്കപ്പെടുന്നുവോ, അന്നേ ജനങ്ങളുടെ അതൃപ്തിയും അവസാനിക്കുകയുള്ളൂ".

ഇന്ത്യയുടെ ദാരിദ്ര്യത്തേയും ജനങ്ങളുടെ അസംതൃപ്തിയേയും പറ്റി കെർഹാർഡി നടത്തിയ പ്രഭാഷണത്തിൽ നിന്നു സ്വദേശാഭിമാനി ഒട്ടേറെ ഉദ്ധരിക്കുകയുണ്ടായി. ഇന്ത്യക്ക് സ്വയംഭരണാധികാരം നൽകുകമാത്രമാണ് ഏകപോംവഴി എന്ന ആശയത്തെ അദ്ദേഹം അനുകൂലിക്കുകയും ചെയ്തു.

ബ്രിട്ടീഷ് സർക്കാരിന്റെ മർദ്ദനപരിപാടികൾക്ക് ജനങ്ങളുടെയും വിഭവങ്ങളുടേയും ചൂഷണവുമായി അടുത്ത ബന്ധമുണ്ടെന്ന് രാമകൃഷ്ണ പിള്ളയ്ക്കറിയാമായിരുന്നു. തിരുവിതാംകൂറിൽപോലും ബ്രിട്ടീഷ് സർക്കാരിന്റെ നടപടികൾ ജനങ്ങൾക്ക് കൂടുതൽ കൂടുതൽ ഉപദ്രവകരമായിത്തീരുകയാണെന്നും അദ്ദേഹം മനസ്സിലാക്കി. ബ്രിട്ടീഷ് തോട്ടമുടമകൾക്ക് നൽകിയ നീതീകരിക്കാനാവാത്ത ആനുകൂല്യങ്ങൾ അദ്ദേഹം എടുത്തുകാട്ടി. ഫൈബറിന്റെ കയറ്റുമതിച്ചുങ്കം കുറച്ചതും, കൊപ്രയുടെ നികുതി കൂട്ടിയതും മറ്റും വിദേശീയവ്യാപാരികളുടേയും തോട്ടമുടമകളുടേയും താൽപര്യങ്ങൾക്കു മുമ്പിൽ ദിവാൻ കീഴടങ്ങിയതിന്റെ പ്രത്യക്ഷനിദർശനങ്ങളായിരുന്നു എന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. റോഡുകളും വാർത്താവിനിമയബന്ധങ്ങളിലുമൊക്കെ ദിവാൻ വിദേശീയരുടെ ചൊൽപ്പടിക്കു നിൽക്കുകയായിരുന്നു.

> "വനങ്ങൾ വെട്ടിവെളുപ്പിക്കുന്നതിലും സമതലങ്ങളിൽ പുതിയ വനങ്ങൾ ഉണ്ടാക്കുന്നതിലുമെല്ലാം രാജ്യതാൽപര്യത്തിനു നിരക്കാത്ത തീരുമാനങ്ങളാണുണ്ടായത്".

# 14.4

തിരുവിതാംകൂറിൽ അന്നുണ്ടായിരുന്ന പല പത്രാധിപന്മാർക്കും ഇന്ത്യക്കകത്തും പുറത്തും അന്നുണ്ടായ മാറ്റങ്ങളുടെ അർത്ഥം ഗ്രഹിക്കാൻ കഴിവുണ്ടായിരുന്നില്ല. മഹാരാജാവിനും ബ്രിട്ടീഷ് മേൽക്കോയ്മയ്ക്കും സ്തുതിഗീതം പാടുക എന്നതു മാത്രമേ അവർക്കറിയാമായിരുന്നുള്ളൂ. രാമകൃഷ്ണപിള്ള അവരിൽനിന്നെല്ലാം തികച്ചും വ്യത്യസ്തനായിരുന്നു.

മഹാരാജാവിന്റെ പരമാധികാരത്തെയും മഹത്വത്തേയും പറ്റി പരക്കെയുണ്ടായിരുന്ന വിശ്വാസത്തെ പരാമർശിച്ചുകൊണ്ട്, തിരുവിതാംകൂർ രാജ്യത്തിന്റെ പരമാധികാരം എന്ന സാമ്രാജ്യത്വം മേൽക്കോയ്മയ്ക്ക് അടിയറ വെച്ചിരുന്നുവെന്ന് രാമകൃഷ്ണപിള്ള ചൂണ്ടിക്കാട്ടി. തന്റെ രാജ്യം ഭരിക്കാനുള്ള അവകാശം ബ്രിട്ടീഷ്കാർക്കു നൽകിയതിന്റെ ഉത്തരവാദിത്വം മഹാരാജാവിനുതന്നെയാണെന്നും അദ്ദേഹം വാദിച്ചു. തന്റെ പൂർവ്വികന്മാർ ഒരു നൂറ്റാണ്ടിനുമുമ്പ് അനുഭവിച്ചിരുന്ന സ്വാതന്ത്ര്യം മഹാരാജാവിനു നഷ്ടപ്പെട്ടതിനെ വിശദീകരിച്ചുകൊണ്ടും, അദ്ദേഹം എങ്ങിനെയാണ് ബ്രിട്ടീഷ് രാജ്യത്തിന്റെ അടിമയാകേണ്ടിവന്നതെന്ന് വിവരിച്ചും രാമകൃഷ്ണപിള്ള 1905-ൽ ഇങ്ങിനെ എഴുതി:

> "... മാർത്താണ്ഡവർമ്മ മഹാരാജാവ് ഈസ്റ്റിൻഡ്യാക്കമ്പനിയുമായുണ്ടാക്കിയ രാഷ്ട്രീയസഖ്യം തന്നെയാണ്, ഇന്നും തിരുവിതാംകൂറും ബ്രിട്ടീഷ് സാമ്രാജ്യത്വവും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനം. മാർത്താണ്ഡവർമ്മ ഏർപ്പെടുത്തിയ സഖ്യം, ഇന്നതിനു സംഭവിച്ചതുപോലെ, ഒരിക്കലും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനു കീഴ്പ്പെട്ടുകൊണ്ടുള്ളതായിരുന്നില്ല. വൈദേശികശത്രുക്കളിൽ നിന്നും തിരുവിതാംകൂറിനെ രക്ഷിക്കാനും ആഭ്യന്തരവൈദേശികവ്യാപാരം വികസിപ്പിക്കാനുമായിരുന്നു മാർത്താണ്ഡവർമ്മ സഖ്യത്തിലേർപ്പെട്ടത്. ടിപ്പുവിന്റെ ഉത്തരതിരുവിതാംകൂർ ആക്രമണവും, ബാലരാമവർമ്മയുടേയും അനുയായികളുടേയും ദുർഭരണവുമാണ് ഈസ്റ്റിന്ത്യാകമ്പനിക്ക് നമ്മുടെ രാജ്യത്തിന്റെ മേൽ അധീശത്വം കൈവരിക്കാനുണ്ടായ കാരണങ്ങൾ. നമ്മുടെ രാജ്യത്തെ ഏറ്റവും ദുർബ്ബലനായ ഭരണാധിപന്റെ കാലത്താണ് ബ്രിട്ടീഷ് മേൽക്കോയ്മയ്ക്ക് അംഗീകാരം ലഭിക്കുന്ന ഒരു കരാറിൽ നമുക്കേർപ്പെടേണ്ടിവന്നത്..."

തിരുവിതാംകൂർ മഹാരാജാവിന്റേയും ഇംഗ്ലണ്ടിലെ മഹാരാജാവിന്റേയും സ്ഥാനവലിപ്പം ഏതാണ്ടൊന്നു തന്നെയാണെന്ന് വിശ്വസിച്ചിരുന്നവരും അന്നുണ്ടായിരുന്നു. എന്നാൽ ഇതൊരു മിഥ്യാധാരണയായിരുന്നു. കാരണം ഇംഗ്ലണ്ടിൽ മഹാരാജാവിനെ ജനങ്ങൾക്ക് നിയന്ത്രിക്കാൻ കഴിയുമായിരുന്നു. ജനങ്ങളും രാജാവും തമ്മിലുണ്ടാവുന്ന തർക്കങ്ങളിൽ എന്നും അന്തിമജയം ജനങ്ങൾക്കായിരുന്നു. എന്നാൽ തിരുവിതാംകൂറിലാകട്ടെ രാജാവിനു സ്വാതന്ത്ര്യം തന്നെ നഷ്ടപ്പെട്ട അവസ്ഥയാണുണ്ടായിരുന്നത്. ബ്രിട്ടീഷ് മേൽക്കോയ്മ കൊണ്ട് അദ്ദേഹം ഭരണാധിപനായി തുടരുന്നു എന്നു മാത്രം. വേണമെങ്കിൽ അദ്ദേഹത്തെ അധികാരത്തിൽ നിന്നു നിഷ്കാസനം ചെയ്യാൻപോലും കഴിയും. രാജാധികാരം, ജനാഭിലാഷങ്ങൾക്കനുസൃതമായിരുന്നില്ല. ഇവിടെ, ബ്രിട്ടീഷ് രാജാവിന്റെ പ്രതിനിധികളാണ് രാജാവിനെ നിയന്ത്രിച്ചിരുന്നതും ജനങ്ങളാണ് പരമാധികാരികൾ എന്നും രാമകൃഷ്ണപിള്ള ഉറച്ചു വിശ്വസിച്ചു. രാജാവ് ജനങ്ങളിൽ നിന്നാണ് അധികാരം നേടുന്നത്—പരമാധികാരികളായ ജനങ്ങളിൽനിന്ന്.

> "ജനങ്ങൾ അംഗീകരിക്കാത്ത ഗവൺമെന്റ് പ്രാരംഭദശയിൽ, ഒരു പക്ഷേ, പ്രവർത്തിച്ചെന്നിരിക്കും, എന്നാൽ അധികം കഴിയുന്നതിനു മുൻപെ റഷ്യൻ സാമ്രാജ്യത്തിനുണ്ടായ ഗതിതന്നെയാണ് അവർക്കുമുണ്ടാവുക. ഗവൺമെന്റിന് ജനങ്ങളുടെ അംഗീകാരം അനിവാര്യമാണ്. രാജാവിന്റെ അധികാരം, അന്ത്യവിശകലനത്തിൽ ജനങ്ങളുടെ സമ്മതത്തിൽനിന്നാണ് ഉരുത്തിരിയുക. ജനങ്ങൾ അവരുടെ അംഗീകാരം, അല്ലെങ്കിൽ അംഗീകാരത്തിന്റെ ഒരു ഭാഗം ഒരു വ്യക്തിക്കോ അല്ലെങ്കിൽ കുറേ വ്യക്തികൾക്കോ നൽകിയെന്നിരിക്കും... രാജാവിനു നൽകിയ അംഗീകാരം പിൻവലിക്കാനുള്ള അവകാശം ജനങ്ങളിൽ നിക്ഷിപ്തമാണെന്നതാണ് ഇതിന്റെയർത്ഥം. ഇത് വളരെ വ്യക്തവുമാണ്. മെക്സിക്കോയുടേയും നോർവ്വേയുടെയും സെർബ്യയുടേയും ചരിത്രം അതാണ് തെളിയിക്കുന്നത്. രാജാവിന്റെ നയപരിപാടികൾ ജനാഭിലാഷങ്ങളുമായി പൊരുത്തപ്പെടാത്തിടങ്ങളിലൊക്കെ, രാജാവിന് അധികാരമൊഴിയേണ്ടിവന്ന അനുഭവങ്ങളും ധാരാളമുണ്ടായിട്ടുണ്ട്. ഇംഗ്ലണ്ടിൽ പോലും രാജാവിന്റെ അധികാരം മറ്റുള്ള വർക്കു മാറ്റിക്കൊടുത്തതിന്റെ ഒന്നിലേറെ അനുഭവങ്ങളുണ്ടായിട്ടുണ്ട്. അതുകൊണ്ട് ജനങ്ങളുടെ ഗവൺമെന്റ് ജനങ്ങൾക്കുവേണ്ടി തന്നെ നിലകൊള്ളണം. ജനാഭിലാഷങ്ങൾക്കനുസൃതമായി അവകാശവും അധികാരവും വിനിയോഗിക്കാനും അവർക്കു കഴിയണം".

ജനങ്ങളുടെ താൽപര്യങ്ങളേയും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അവരുടെ അഭിവാഞ്ഛയേയും രാമകൃഷ്ണപിള്ള ബോധപൂർവ്വം തന്നെ ഉയർത്തിപ്പിടിച്ചിരുന്നു. യൂറോപ്യൻ സംസ്കാരത്തിന്റെ സ്വാധീനത്തിലും 'സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം' എന്ന മുദ്രാവാക്യത്തിന്റെ ചൂടിലും പഴയ പാരമ്പര്യങ്ങൾക്കും ആദർശങ്ങൾക്കും അധികകാലം പിടിച്ചു നിൽക്കാനാവില്ലെന്ന് 1905-ൽ അദ്ദേഹം 'കേരളൻ' പത്രത്തിൽ എഴുതിയ ഒരു ലേഖനത്തിൽ അഭിപ്രായപ്പെട്ടു. 'അധികാരത്തിനുവേണ്ടി, അല്ലെങ്കിൽ സ്ഥിതിസമത്വത്തിനുവേണ്ടി, ഇന്നു നടന്നുവരുന്ന സമരങ്ങൾ, മനുഷ്യനും മനുഷ്യനും തമ്മിലുള്ള ചേരിതിരിവിനെ ഉന്മൂലനം ചെയ്യുമെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ജാതിയും വർഗവും പരിഗണിച്ചല്ലാതെ മനുഷ്യനെ മനുഷ്യനായി അംഗീകരിക്കാനുള്ള അവകാശവും അതനുവദിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം'.

കൂടുതൽ കൂടുതൽ ബഹുജനങ്ങളെ രാഷ്ട്രീയ പ്രവർത്തനങ്ങളിലേക്കാകർഷിക്കുവാനുള്ള സുസംഘടിതവും വ്യാപകവുമായ ഒരു സംഘടന ഇല്ലാതിരുന്നതുകൊണ്ട് മഹാരാജാവിനോടുള്ള അഭ്യർത്ഥനകളുടെ രൂപത്തിലാണ് രാമകൃഷ്ണപിള്ള ഗവൺമെന്റിനെ വിമർശിച്ചിരുന്നത്. ദിവാന്റേയും മറ്റു ഉദ്യോഗസ്ഥന്മാരുടെയും അതിക്രമങ്ങൾ അവസാനിപ്പിക്കണമെന്നു അവയിലൂടെ അദ്ദേഹം അഭ്യർത്ഥിച്ചു. എന്നാൽ ആ അഭ്യർത്ഥനകളെല്ലാം ബധിരകർണ്ണങ്ങളിലാണ് നിപതിച്ചിരുന്നത്. അപ്പോഴാണ്, ബുദ്ധിജീവികളായ ജനങ്ങളിൽ പലരും, ഒരു വ്യക്തി എന്ന നിലയിൽ എന്തെല്ലാം വൈശിഷ്ട്യങ്ങളുണ്ടായിരുന്നാലും, മഹാരാജാവു വെറുതെ പാവ മാത്രമാണെന്നു കരുതാൻ തുടങ്ങിയത്.

രാമകൃഷ്ണപിള്ളയെ സംബന്ധിച്ചിടത്തോളം ജനങ്ങൾ രാഷ്ട്രീയാധികാരമേൽക്കുന്നതിൽ വിമുഖനായിരുന്നു. ഭരിക്കാനുള്ള കഴിവില്ലായ്മ കൊണ്ടല്ല അത്. അതിനുള്ള സാധ്യതകൾ ഉരുത്തിരിഞ്ഞിരുന്നില്ലെന്നു മാത്രം. അതിനു തടസ്സം നിന്നത് പ്രധാനമായും 3 കാരണങ്ങൾ. ഒന്നാമതായി ബഹുഭൂരിപക്ഷം ജനങ്ങളും നിരക്ഷരരായിരുന്നു, സ്വാതന്ത്ര്യം, ജനാധിപത്യം തുടങ്ങിയ ആധുനികാശയങ്ങളൊന്നും അവർക്കു ദഹിക്കുമായിരുന്നില്ല. രണ്ടാമത്തെ കാരണം, അവർ തങ്ങളെത്തന്നെ പല വിധത്തിൽ വിഭജിച്ചുനിർത്തിയിരുന്നതാണ്—തമിഴ് ബ്രാഹ്മണർ, മലയാളി ബ്രാഹ്മണർ, നായന്മാർ, ക്രിസ്ത്യാനികൾ, ഈഴവർ, മുസ്ലീംങ്ങൾ, ചാന്നാൻമാർ, പുലയൻ, പറയൻ എന്നിങ്ങനെ തുല്യത ലഭിക്കാതെ, ഈ വിഭജനം അവസാനിക്കാനുമാവില്ല. ഗവൺമെന്റാകട്ടെ, ഈ വ്യത്യാസം നിലനിർത്താനായിരുന്നു ശ്രമിച്ചത്. മലയാളേതര ബ്രാഹ്മണരുടേയും, പോറ്റിമാരുടേയും, നായന്മാരുടേയും, നമ്പൂതിരിമാരുടേയും, ഈഴവരുടേയും, ക്ഷുരകന്മാരുടേയും, ഒട്ടേറെ വർഗ്ഗീയജാതി സംഘടനകൾ തിരുവിതാംകൂറിൽ രൂപമെടുത്തു പ്രവർത്തിക്കാൻ തുടങ്ങി. സ്വന്തമായ പ്രസിദ്ധീകരണങ്ങളിലൂടെ അവർ ഭിന്നതയുടെയും വേറിട്ടുനിൽക്കലിന്റെയും മുദ്രാവാക്യങ്ങൾ മുഴക്കാനും തുടങ്ങി. ഓരോ സമുദായത്തിന്റേയും പത്രങ്ങൾ അവരുടെ സമുദായത്തിന്റെ ആവശ്യങ്ങൾ അതിലൂടെ ഉന്നയിച്ചു. അതൊരതിർത്തിവരെ അഭിനന്ദനാർഹമായിരുന്നു. എന്നാൽ പലപ്പോഴും അവ ജാതിക്കുവേണ്ടി സത്യവും നീതിയും മറന്നിരുന്നു. സമുദായസംഘടനങ്ങൾക്കും അവ വഴിവച്ചു. ഈ സംഘട്ടനങ്ങളും അഭിപ്രായവ്യത്യാസങ്ങളും, അധികാരിവർഗ്ഗം സ്വന്തം താൽപര്യങ്ങൾക്കുവേണ്ടി, വഴിയാംവണ്ണം മുതലെടുക്കുകയും ചെയ്തു.

വിഭാഗീയചിന്ത അശേഷമില്ലാതെയുള്ള, സാധാരണക്കാരുടെ സുസംഘടിതവും ഏകീകൃതവുമായ ഒരു രാഷ്ട്രീയ സംഘടനയുടെ അഭാവമാണ് മൂന്നാമത്തേതും പരമപ്രധാനവുമായ തടസ്സമായി നിന്നിരുന്നത്. പൊതുജനാവശ്യങ്ങൾക്കുവേണ്ടി പോരാടാൻ അത്തരമൊരു സംഘടനയ്ക്കു മാത്രമേ സാധിക്കുകയുള്ളൂ. ജാതിമതപരിഗണനകൾക്കതീതമായി, ജനങ്ങളുടെ സാമൂഹ്യവും രാഷ്ട്രീയവുമായ അഭ്യുന്നതിക്കുവേണ്ടി, തിരുവിതാംകൂർ ആസ്ഥാനമാക്കിയുള്ള അത്തരമൊരു സംഘടനയുടെ അനിവാര്യത രാമകൃഷ്ണപിള്ള ഊന്നിപ്പറഞ്ഞു. ജനങ്ങളുടെ അത്തരത്തിലുള്ളൊരു സ്വതന്ത്രസംഘടനയ്ക്കു മാത്രമേ സർക്കാരുദ്യോഗസ്ഥന്മാരുടെ ജനവിരുദ്ധനടപടികൾക്കു കടിഞ്ഞാണിടാനാവുകയുള്ളൂ എന്നദ്ദേഹം കരുതി. ജനങ്ങളോടുള്ള ഭയപ്പാടിൽ നിന്നു മാത്രമേ ഗവൺമെന്റിന് ബോധവും വിവേകവുമുദിക്കുകയുള്ളൂ. രാഷ്ട്രീയ-ഭരണതലങ്ങളിൽ, ജാതിപരിഗണനകൾക്ക് സ്ഥാനമില്ലാതാക്കേണ്ടത് അതുകൊണ്ടുതന്നെ ദേശാഭിമാനികളെന്നഭിമാനിക്കാവുന്ന ഓരോരുത്തരുടേയും കടമയാണ്.

രാജ്യത്തിന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ ഏതെങ്കിലും ഒരു പ്രത്യേകസമുദായത്തിന്റെ ആധിപത്യം, അവസാനിപ്പിക്കുക എന്നതാണ് പ്രാഥമികമായി ഇതിന്റെ അർത്ഥം. ഏവർക്കും തുല്യപരിഗണന കൽപ്പിക്കുകയും താഴെക്കിടയിലുള്ള ജനങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ അഭ്യുന്നതിക്കുതകുന്ന വിധം പ്രത്യേകാനുകൂല്യങ്ങൾ അനുവദിക്കുകയും കൂടി വേണം. 1906 മേയ് 2 ന് എഴുതിയ ഒരു മുഖപ്രസംഗത്തിൽ തിരുവനന്തപുരത്തെ ബ്രാഹ്മണമേധാവിത്വം രാമകൃഷ്ണപിള്ള എടുത്തുകാട്ടി. ആധുനികവിദ്യാഭ്യാസം പരക്കെ വന്നിട്ടുപോലും അവരുടെ അധീശത്വം കൊടികുത്തി വാഴുകയാണെന്ന മുഖപ്രസംഗം ചൂണ്ടിക്കാട്ടി. അന്ധവിശ്വാസങ്ങളിലധിഷ്ഠിതമായ ഒട്ടേറെ അനാചാരങ്ങൾ അവർ വച്ചുപുലർത്തുന്നുണ്ട്. രാജാക്കന്മാരുടെ ദൈവീകത്വത്തെപ്പറ്റി അവർ കടങ്കഥകൾ പ്രചരിപ്പിച്ചു. ബ്രാഹ്മണരുടെയടുത്തല്ലാതെ മറ്റാരുടേയും അടുത്ത് രാജാക്കന്മാർക്കു പ്രവേശനമില്ലെന്നവർ വാദിച്ചു. ബ്രാഹ്മണന്മാർക്കു മാത്രമേ രാജാക്കന്മാരെ പരിചരിക്കാൻ അധികാരമുള്ളു എന്നമവർ പറഞ്ഞു. രാജവംശത്തിലെ കുട്ടികളെ പഠിപ്പിക്കുവാനുള്ള അധികാരവും തങ്ങളിൽ നിക്ഷിപ്തമായിരിക്കുകയാണെന്നും അവർ കൊട്ടിഘോഷിച്ചു. ഹിന്ദുദൈവമായ ശ്രീപത്മനാഭന് അടിയറവെച്ചതുകൊണ്ട് രാജഭരണത്തിൽ അഹിന്ദുക്കൾക്ക് യാതൊരവകാശവുമില്ലെന്നു ബ്രാഹ്മണരായ ഉദ്യോഗസ്ഥ മേധാവികളും അവരുടെ അനുയായികളും വാദിച്ചു. ക്രിസ്ത്യാനികളേയും മുസ്ലീംങ്ങളേയും മാത്രമല്ല, താഴ്ന്ന ജാതിയിൽപ്പെട്ട ഹിന്ദുക്കളെപ്പോലും ഭരണകർമ്മങ്ങളിൽ നിന്നൊഴിച്ചു നിർത്താനുള്ള മതിയായ ന്യായീകരണമായിരുന്നു പലർക്കും ഈ വാദഗതി. അത്തരം വാദമുഖങ്ങളുടെ പൊള്ളത്തരം തുറന്നു കാണിച്ചുകൊണ്ട് രാമകൃഷ്ണപിള്ള എഴുതി:

> "ക്രിസ്ത്യാനികളും മുസ്ലീംങ്ങളും തിരുവിതാംകൂറിലെ ബഹുജനങ്ങളല്ലേ? ഉത്തരവാദിത്വബോധമില്ലാത്ത, അസാന്മാർഗ്ഗികളായ ഒരു പിടി ബ്രാഹ്മണന്മാരുടേതു മാത്രമാണോ ഈ രാജ്യം? ഈ ചോദ്യങ്ങൾക്ക് ഉത്തരം കിട്ടിയില്ലെങ്കിൽ, ഇവിടെ ക്രിസ്ത്യാനികൾക്കും മുസ്ലീംങ്ങൾക്കും ബ്രാഹ്മണേതരർക്കും യാതൊരു ഭാവിയുമുണ്ടാവില്ല".

തിരുവിതാംകൂർ ബ്രാഹ്മണർക്കുമാത്രം അവകാശപ്പെട്ടതല്ല. എല്ലാ ഹിന്ദുക്കൾക്കും, മുസ്ലീംങ്ങൾക്കും ക്രിസ്ത്യാനികൾക്കും ഇവിടെ താമസിക്കുന്ന മറ്റെല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ അവകാശപ്പെട്ടതാണ് തിരുവിതാംകൂർ. അദ്ധ്വാനിച്ച് രാജ്യത്തിന്റെ സമ്പത്തും സമൃദ്ധിയും വർദ്ധിപ്പിച്ചവരാണവർ. എന്നാൽ എന്തു കഷ്ടം! അവരുടെ അദ്ധ്വാനത്തിന്റെ ഫലം ഹിന്ദുമതത്തിലെ ഒരു ചെറുവിഭാഗത്തിന്റെ ഉണ്ണങ്ങൾക്കു മാത്രമായി ചൂഷണം ചെയ്യപ്പെടുന്നു. രാജ്യം ശ്രീപത്മനാഭനെന്ന ഹിന്ദുദൈവത്തിനു സമർപ്പിക്കപ്പെട്ടതാണ് എന്ന ഒറ്റകാരണത്താൽ. യഥാർത്ഥത്തിൽ രാജ്യം ദൈവത്തിന്റേതല്ല, ജനങ്ങളുടേതാണ്, അതു ഭരിക്കുന്നത് ശ്രീപത്മനാഭനല്ല, മഹാരാജാവും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാരുമാണ്. അതും ബ്രിട്ടീഷ് സർക്കാരിന്റെ നേതൃത്വത്തിലും നിയന്ത്രണത്തിലും. "യുദ്ധത്തിന്റെ പേരിലോ ആഭ്യന്തര സംഘട്ടനങ്ങളുടെയോ ചതി പ്രയോഗങ്ങളുടേയോ പേരിലോ നടക്കുന്ന മനുഷ്യക്കുരുതിയുടെ പാപഭാരം അതിനുത്തരവാദികൾതന്നെ ചുമക്കണമെന്ന ബോധത്തോടെ" മാർത്താണ്ഡവർമ്മ മഹാരാജാവ് ശ്രീപത്മനാഭന് രാജ്യം അടിയറവെച്ചുവെന്നതു സത്യമാണ്. അതിനദ്ദേഹത്തിനു ബ്രാഹ്മണമേധാവികളുടെ ആശിർവാദമുണ്ടായിരുന്നു. എന്നാൽ മനുഷ്യമനസ്സുകളെ മറികടക്കാനുള്ളൊരു തന്ത്രം മാത്രമായിരുന്നു അത്. അതോടൊപ്പം മതമേധാവികളുടെ പിന്തുണക്കാർക്കും, അതുവഴി ഭരണവർഗ്ഗത്തിന്റെ അധികാരശക്തി വർദ്ധിപ്പിക്കുവാനും കൂടി സമർത്ഥമായ ആ തന്ത്രം ഉപകരിച്ചു. കാരണം, രാജ്യം ശ്രീപത്മനാഭനു സമർപ്പിച്ചതിലൂടെ ആഭ്യന്തര സംഘർഷങ്ങൾ കുറേയൊക്കെ അവസാനിപ്പിക്കാനും, രാജ്യത്ത് നിയമസമാധാനം നിലനിർത്താനും മഹാരാജാവിനു കഴിഞ്ഞു. എന്നാൽ, ഇക്കാര്യത്തിനെയെങ്ങിനെ ബ്രാഹ്മണ മേധാവിത്വത്തിന്റെ നിലനിൽപ്പിനുള്ള മാർഗ്ഗമായി അംഗീകരിക്കാനാവും? അതും, സ്വാതന്ത്ര്യത്തിന്റേയും ജനാധിപത്യത്തിന്റേയും പുത്തനാശയങ്ങൾ ജനഹൃദയങ്ങളിൽ പടർന്നു പന്തലിക്കുന്ന ഇരുപതാം നൂറ്റാണ്ടിൽ? തങ്ങളുടെ ന്യായമായ രാഷ്ട്രീയാവകാശങ്ങൾക്കു വേണ്ടി ഒന്നിക്കാനും പോരാടാനും രാമകൃഷ്ണപിള്ള ക്രിസ്ത്യാനികളേയും മുസ്ലീംങ്ങളേയും ബ്രാഹ്മണേതര ഹിന്ദുക്കളേയും ആഹ്വാനം ചെയ്തു. തങ്ങളുടെ ആവശ്യങ്ങൾ ഉന്നയിക്കാനും അവയ്ക്കുവേണ്ടി ശബ്ദമുയർത്താനുമുള്ള ധൈര്യം ജനങ്ങൾ പ്രകടിപ്പിച്ചാൽ അതിൽ മഹാരാജാവ് സന്തുഷ്ടനാവുമെന്നും രാമകൃഷ്ണപിള്ള പ്രത്യാശിച്ചു.

തിരുവിതാംകൂറിലെ ജനങ്ങളുടെ അധഃപതനത്തിനും ദാരിദ്ര്യത്തിനുമുള്ള ഒരു പ്രധാന കാരണം രാമകൃഷ്ണപിള്ളയുടെ അഭിപ്രായത്തിൽ കാർഷിക വിഭവങ്ങളിലേറിയ പങ്കം ദുരുപയോഗപ്പെടുത്തുന്നതാണ്. കൊട്ടാരം ഉദ്യോഗസ്ഥന്മാരെ തീറ്റിപ്പോറ്റുന്നതിനും ബ്രാഹ്മണരുടെ സൗജന്യഭക്ഷണ വിതരണത്തിനുമാണ് ഭക്ഷ്യവിഭവങ്ങൾ കൂടുതലും ഉപയോഗപ്പെടുത്തുന്നത്. സമയംകൊല്ലികളായ അവരിൽ പലരും ഇത്തിക്കണ്ണികളുടെ ജീവിതമാണ് നയിച്ചിരുന്നത്. മറ്റുള്ളവരുടെ അദ്ധ്വാനഫലംകൊണ്ടു ജീവിക്കുന്ന ബ്രാഹ്മണരെ ഉൽപാദന പ്രക്രിയയിൽ പങ്കാളികളാക്കാൻ നിർബന്ധിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. അതേസമയം തന്നെ ജനങ്ങളുടെ നികുതിഭാരം കുറയ്ക്കുകയും തൊഴിലാളികളുടെ വേതന നിരക്ക് കൂട്ടുകയും വേണം. അത്തരം നടപടികൾ സമൂഹത്തിൽ പൊതുവെ സമൃദ്ധി കൈവരുത്തും. ബ്രാഹ്മണർക്ക് സർക്കാർ ചെലവിൽ സൗജന്യ ഭക്ഷണം നൽകുന്നത് നിർത്തലാക്കണമെന്നും ആ പണം കുറെ റയിൽവേയുടെ വികസനത്തിന് വിനിയോഗിക്കണമെന്നുമുള്ള ശ്രീമൂലം അസംബ്ലിയിൽ പൊന്തിവന്ന അഭിപ്രായത്തെ രാമകൃഷ്ണപിള്ള സർവ്വാത്മനാ അനുകൂലിച്ചു. എന്നാൽ ഈ ആവശ്യത്തെ ദിവാൻ രാജഗോപാലാചാരി നിരാകരിക്കുകയാണുണ്ടായത്.

വിദ്യാഭ്യാസരംഗത്തും ഇതേ നിലവാരമാണു നിലനിന്നിരുന്നത്. 1908-ൽ ബി.എ. പരീക്ഷയെഴുതിയ 445 ഹിന്ദുക്കളിൽ 363 പേരും ബ്രാഹ്മണരായിരുന്നുവെന്ന് സ്വദേശാഭിമാനി റിപ്പോർട്ടു ചെയ്തു. 82 പേർ മാത്രമേ അബ്രാഹ്മണരായി ഉണ്ടായിരുന്നുള്ളൂ. ഈ 82 പേരിൽ തന്നെ ബഹുഭൂരിപക്ഷവും നായർ തുടങ്ങിയ ഉന്നത ജാതികളിൽപ്പെട്ടവരായിരുന്നു. അയിത്തവും, അസ്പൃശ്യത്വവും കൽപ്പിച്ചിരുന്ന താഴ്ന്ന ജാതിക്കാരായ ഈഴവർ, പുലയർ, പറയർ തുടങ്ങിയവർക്കു വികാസത്തിനുള്ള സന്ദർഭം തുലോം വിരളമായിരുന്നു. ഈ നയം മാറ്റണമെന്നും വിദ്യാഭ്യാസമെങ്കിലും സൗജന്യമായി സകലർക്കും നൽകണമെന്നുമുള്ള നിരന്തരമായ ആവശ്യങ്ങൾ അസംബ്ലിയിൽ അന്നൊക്കെ ഉന്നയിക്കപ്പെട്ടു. ഈ ആവശ്യങ്ങളെ പരാമർശിച്ചു രാമകൃഷ്ണപിള്ള എഴുതി.

പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കിയില്ലെങ്കിൽ സൗജന്യമെങ്കിലുമാക്കണമെന്ന ആവശ്യം മിക്കവാറും എല്ലാ ബുദ്ധിജീവികളായ ഭരണകർത്താക്കളും ഇപ്പോൾ അംഗീകരിക്കുന്നുണ്ട്. എല്ലാ വിഭാഗത്തിലുംപെട്ട ജനങ്ങൾക്കു പ്രാഥമിക വിദ്യാഭ്യാസം സൗജന്യമായി നൽകുന്നതിന് ഗവൺമെന്റിനു ബുദ്ധിമുട്ടില്ലെന്നാണു ഞങ്ങളും കരുതുന്നത്.

സമൂഹത്തിലെ വർഗ്ഗവിവേചനം നിലനിർത്താനും സാമ്രാജ്യത്വവിരുദ്ധവും ജനാധിപത്യ സംബന്ധവുമായ ആശയങ്ങളെ മുളയിലേനുള്ളിക്കളയാനുദ്ദേശിച്ചുകൊണ്ടുള്ളതാണ്, ഗവൺമെന്റിന്റെ വിദ്യാഭ്യാസനയമെന്ന് രാമകൃഷ്ണപിള്ള മനസ്സിലാക്കി. ദുർബല ജനവിഭാഗങ്ങൾക്കു വിദ്യാഭ്യാസം നൽകുന്നതു ആപത്തു ക്ഷണിച്ചുവരുത്തുകയാണെന്ന് അധികാരിവർഗ്ഗം ഭയപ്പെട്ടിരുന്നു. അതുകൊണ്ടു അതൊഴിവാക്കാൻ തന്നെ അവർ ഉറച്ചു. 1910-ൽ ഗവൺമെന്റ് ആവിഷ്കരിച്ച വിദ്യാഭ്യാസനയം സമൂഹത്തിലെ പണക്കാരേയും പാവങ്ങളേയും രണ്ടുതട്ടുകളാക്കിതിരിച്ചു. പ്രാഥമിക വിദ്യാഭ്യാസം മാത്രം പാവങ്ങൾക്കും ഉന്നത വിദ്യാഭ്യാസം ഉയർന്നവർക്കും മാത്രമായി വ്യവസ്ഥ ചെയ്തു. ഇതു തികച്ചും തെറ്റായൊരു നീക്കമാണ്. രാമകൃഷ്ണപിള്ള എഴുതി: ജനങ്ങളെ പണക്കാരും പാവപ്പെട്ടവരുമായി വേർതിരിക്കുകയല്ല വേണ്ടത്, നേരെമറിച്ച് ഉയർന്ന ബുദ്ധിശക്തിയുള്ളവരേയും അത്രതന്നെ പ്രതിഭയില്ലാത്തവരേയുമാണ് തരം തിരിക്കേണ്ടത്. ബുദ്ധിയും സാമർത്ഥ്യവും പണക്കാർക്കായി മാത്രം നീക്കിവെച്ചിട്ടുള്ളതല്ല, അവ രണ്ടും പാവപ്പെട്ടവർക്കിടയിലും ധാരാളമുണ്ട്. തിരുവിതാംകൂറിനെപ്പോലുള്ള ഒരു രാജ്യം പണക്കാരോ പാവങ്ങളോ എന്ന കണക്കാക്കാതെ അതിന്റെ കുട്ടികൾക്ക് പ്രതിഭ വികസിപ്പിച്ചെടുക്കാനുള്ള എല്ലാ അവസരങ്ങളും നൽകുകയാണ് അഭികാമ്യം.

അദ്ധ്യാപകർക്ക് കുറഞ്ഞ വേതനം മാത്രം നൽകുകയും അവരുടെ അസംതൃപ്തി നിലനിൽക്കുകയും ചെയ്യുന്നേടത്തോളം കാലം, രാജ്യത്ത് പ്രാഥമിക വിദ്യാഭ്യാസം ഗുണം പിടിക്കുകയില്ലെന്ന് രാമകൃഷ്ണപിള്ളയ്ക്ക് അറിയാമായിരുന്നു. അതുകൊണ്ടദ്ദേഹം അദ്ധ്യാപകരുടെ അവശതകൾ പരിഹരിക്കാനായി തന്റെ തൂലിക ചലിപ്പിച്ചു. പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് അക്കാലങ്ങളിൽ അഞ്ചുറുപ്പികയായിരുന്നു വേതനം. ഒട്ടേറെ സമ്മർദ്ദങ്ങൾക്കുശേഷമാണ് ഏഴു രൂപയാക്കി ഉയർത്താൻ സർക്കാർ തയ്യാറായത്. ഒരു പ്യൂണിന്റെ ശമ്പളംപോലും അധ്യാപകർക്കു നൽകാത്തതു തികച്ചും അപമാനകരമാണദ്ദേഹം അഭിപ്രായപ്പെട്ടു. കുറഞ്ഞത് പത്തുരൂപയെങ്കിലും അധ്യാപകർക്കു ശമ്പളമായി നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

വ്യവസായ-വാണിജ്യ രംഗങ്ങളിലെ സംഘർഷങ്ങളേയും വൈരുദ്ധ്യങ്ങളേയും കുറിച്ച് ആദ്യമായി ചിന്തിക്കുകയും വിശകലനം നടത്തുകയും ചെയ്ത കേരളീയരിൽ ഒരാളായിരുന്നു രാമകൃഷ്ണപിള്ള. പരമ്പരാഗതമായ ജാതിവ്യവസ്ഥയിലും സങ്കീർണ്ണങ്ങളായ ജാതിയുടേയും, വർഗ്ഗത്തിന്റേയും നിയന്ത്രണത്തിലും കെട്ടുപിണഞ്ഞു കിടക്കുകയായിരുന്നു ഇവിടുത്തെ വ്യവസായവും വ്യാപാരവും. ഉൽപാദനരംഗത്ത് മുതലാളിത്തത്തിൽ കീഴിലുണ്ടാവുന്ന നൂതനാശയങ്ങളുടെ സത്ത കണ്ടെത്താനുള്ള അസാധാരണ സിദ്ധിയും അദ്ദേഹം പ്രകടിപ്പിച്ചു. രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ മണ്ഡലങ്ങളിൽ തുല്യതയ്ക്കുവേണ്ടിയുള്ള അശരണരുടേയും അയിത്തക്കാരുടേയും ആവശ്യങ്ങളെ അനുകൂലിക്കുന്നതോടൊപ്പം തന്നെ തങ്ങളെ ചൂഷണത്തിനു വിധേയരാക്കുന്ന മുതലാളിമാർക്കെതിരായുള്ള സമരത്തിൽ, തൊഴിലാളികളേയും അദ്ദേഹം ആശ്ലേഷിച്ചു.

> "രാജ്യത്തിനു എവിടെനിന്നാണ് വരുമാനമുണ്ടാകുന്നത്?" അദ്ദേഹം ചോദിക്കുന്നു. മറുപടിയും അദ്ദേഹം തന്നെ പറയുന്നുണ്ട്: "രാജ്യത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ യത്നിക്കുന്ന തൊഴിലാളികൾ നിന്നും കർഷകരിൽ നിന്നും, കൗരകൗശല വിദഗ്ധരിൽ നിന്നും കച്ചവടക്കാരിൽ നിന്നുമാണ് രാജ്യം വരുമാനമുണ്ടാക്കുന്നത്. പാടശേഖരങ്ങളിൽ പണിയെടുക്കുന്ന പുലയർ അവരുടെ വരുമാനമാണോ വർദ്ധിപ്പിക്കുന്നത്? ചാന്നാന്മാരും കുശവന്മാരും അതുപോലുള്ള ശിൽപികളും രാജ്യത്തിന്റെ വരുമാനമാണ് വർദ്ധിപ്പിക്കുന്നത്. അവരുടെ ജീവിതനിലവാരം ഉയർന്നിട്ടുണ്ടോ? ഒരിക്കലുമില്ല. നഗരപ്രദേശങ്ങളിലെ ധനികവർഗ്ഗം ബംഗ്ലാവുകൾ നിർമ്മിച്ച് ആഡംബരങ്ങളിൽ മുഴുകുന്നു. കാരണം അവർ തൊഴിലാളികളുടെ അദ്ധ്വാനശക്തി ചൂഷണം ചെയ്ത് അവർക്കു തുച്ഛമായ വേതനം മാത്രം നൽകുന്നു. അദ്ധ്വാനിക്കുന്നവരുടെ അദ്ധ്വാനഫലം ധനികരുടെ നികുംഭിലകളിൽ കുമിഞ്ഞുകൂടുന്നു. അതല്ലെങ്കിൽ സർക്കാർ ചെലവിൽ ബ്രാഹ്മണർക്ക് സൗജന്യഭക്ഷണം നൽകാൻ അത് വിനിയോഗിക്കപ്പെടുന്നു. ആധുനികസംസ്കാരാശയങ്ങളുടെ ആവിർഭാവത്തോടെ തൊഴിലുടമയും തൊഴിലാളിയും തമ്മിലുള്ള സംഘർഷങ്ങൾക്ക് തങ്ങളുടെ വേതന നിരക്കിനെ ചൊല്ലിയുള്ള തർക്കങ്ങൾക്കു ആക്കവും ഊക്കും വർദ്ധിക്കുകയാണ്. അദ്ധ്വാനത്തിനനുസരിച്ചുള്ള വേതനം ലഭിക്കുന്നില്ലെന്ന പരാതി നമ്മുടെ രാജ്യത്തു ഉയർന്നുവരാൻ തുടങ്ങിയിരിക്കുന്നു. എന്നാൽ തൊഴിലാളികളുടെ ആവശ്യങ്ങൾ നിരാകരിക്കുകയാണ് സർക്കാരിന്റെ നയം. തൊഴിലാളികളുടെ അദ്ധ്വാനഫലം അദ്ധ്വാനിക്കാത്ത ഒരു പിടി ആളുകൾക്കുവേണ്ടി സ്വരൂപിക്കുകയാണ് സർക്കാരിന്റെ നയം. അതു സർക്കാരിന്റെ അനീതിക്കെതിരായി പരാതിപ്പെടാനും അടരാടാനും ജനങ്ങളെ പ്രേരിപ്പിക്കും. അത് മൊത്തത്തിൽ ജനങ്ങളിൽ അസംതൃപ്തി വളർത്തുകയും ചെയ്യും".

ജനങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ സാധാരണ ആവശ്യങ്ങൾക്കുവേണ്ടി സമരം ചെയ്യാൻ ഒരു ദേശീയ സംഘടന കെട്ടിപ്പടുക്കേണ്ടതുണ്ടെന്നും, അതേ സമയം രാമകൃഷ്ണപിള്ള ചൂണ്ടിക്കാട്ടി.

# 14.6

ഈ സമയമായപ്പോഴേക്കും രാമകൃഷ്ണപിള്ളക്ക് സോഷ്യലിസം സംബന്ധിച്ച നൂതനാശയങ്ങൾ ഹൃദിസ്ഥമായിക്കഴിഞ്ഞിരുന്നു. അവസരസമത്വത്തിനുവേണ്ടി നിലകൊള്ളുന്ന സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങൾ പഠിക്കാൻ അദ്ദേഹം തൊഴിലാളികളെ ആഹ്വാനം ചെയ്തു. ഗവൺമെന്റിന്റെ ജനവിരുദ്ധ നടപടികളിലുള്ള അദ്ദേഹത്തിന്റെ വിമർശനം കൂടുതൽ കൂടുതൽ പരുഷമായിത്തീർന്നു. ജനകീയാവശ്യങ്ങളെക്കുറിച്ചും ഉയർന്ന ഉദ്യോഗസ്ഥന്മാർക്കിടയിലുള്ള അഴിമതിയേയും സ്വജനപക്ഷപാതത്തേയും പറ്റിയും ദിവാന്റെ ഭീരുത്വവും തന്നിഷ്ടവും അസാന്മാർഗ്ഗികത്വവും നിറഞ്ഞ നടപടികളെപ്പറ്റിയും മഹാരാജാവിന്റെ അമിതച്ചിലവുകളെക്കുറിച്ചും പൊതുസ്വത്തിന്റെ ദുർവിനിയോഗത്തെക്കുറിച്ചുമെല്ലാം പരുഷവാക്കുകളിലൂടെ നിശിതമായി അദ്ദേഹം വിമർശിച്ചു.

ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ അഴിമതിയും തോന്ന്യവാസവും വെറുതേ വിമർശിച്ചതുകൊണ്ടുമാത്രം അദ്ദേഹം തൃപ്തിപ്പെട്ടിരുന്നില്ല. എന്നാൽ മാർക്സ് നിർദ്ദേശിച്ചതുപോലെ വ്യക്തമായിത്തന്നെയാണദ്ദേഹം അവ ഉന്നയിച്ചത്.

ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണകൂടത്തിൽ നിന്നും ദിവാന് പ്രത്യക്ഷത്തിൽ ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്ന ഉദ്യോഗസ്ഥ ദുർപ്രഭുത്വത്തെ അദ്ദേഹം ശക്തിയായി വിമർശിച്ചു. ദിവാന്റെ സാമ്പത്തിക നയങ്ങൾ രാജ്യത്തെ ഒരു പ്രതിസന്ധിയിലേക്കു നയിക്കുകയാണെന്ന് അദ്ദേഹം മുന്നറിയിപ്പു നൽകി. നേരിട്ടുള്ള അദ്ദേഹത്തിന്റെ അത്ഭുതകരമായ മേൽനോട്ടത്തിൽ പണം കബളിപ്പിക്കൽ ഒരു കലയായിട്ടാണ് വച്ചു നടത്തിയിരുന്നത്. സാമ്പത്തിക ഭരണനിർവഹണമണ്ഡലത്തിലേക്കു ചുഴിഞ്ഞു നോക്കുമ്പോൾ ഇന്നോളം ദർശിക്കാൻ കഴിഞ്ഞിട്ടില്ലാത്ത അമ്പരിപ്പിക്കുന്ന വസ്തുതകളാണ് വെളിച്ചത്തു വരുന്നത്.

"ആകർഷണീയമായ തസ്തികകളിൽ മലയാളികളല്ലാത്ത ബ്രാഹ്മണരെയാണ് നിയമിച്ചിരുന്നത്". അവരാകട്ടെ ഭൂമിയുടെ സമൃദ്ധിയിൽ നിന്നും അഭിവൃദ്ധി നേടുന്നവരായിരുന്നു. ഏതുവിധേനയും തങ്ങളുടെ കീശ നിറയ്ക്കണമെന്നും അപ്രകാരം എളുപ്പമാർഗ്ഗത്തിലൂടെ നേടിയ സമ്പാദ്യം തഞ്ചാവൂരോ, തൃശ്ശിനാപ്പള്ളിയിലോ കുംഭകോണത്തോ അല്ലെങ്കിൽ മായാവാരത്തോ, മദ്രാസിലോ അല്ലെങ്കിൽ ഗഞ്ചാവിലോ ഉള്ള പുഞ്ചകളിലും നാഞ്ചകളിലും നിക്ഷേപിക്കണമെന്നുമായിരുന്നു അവരുടെ മുഖ്യലക്ഷ്യം. ദിവാന്റെ ഈ വിധത്തിലുള്ള പ്രവർത്തനങ്ങൾ രാജ്യത്തിനും മഹാരാജാവിനും കളങ്കമുണ്ടാക്കുമെന്നു രാമകൃഷ്ണപിള്ള ചൂണ്ടിക്കാട്ടി.

1907 ജൂൺ 5-ാം തീയതി പ്രസിദ്ധീകരിച്ച ഈ മുഖപ്രസംഗത്തിൽ ദിവാൻ രാജഗോപാലാചാരിയുടെ ഭരണത്തിൻ കീഴിൽ കടുത്ത അഴിമതിയും കൈക്കൂലിയും നടമാടുന്നതായി അദ്ദേഹം ആരോപിച്ചു. 'നികുതി ചുമത്തലും മറ്റും സർക്കാർ റവന്യൂ വർദ്ധിപ്പിച്ചു. പക്ഷേ, ഈ വരുമാനത്തിന്റെ ഗണ്യമായൊരു ഭാഗം രാജാവിന്റെ അനുയായികളുടെ കീശയിലാണ് എത്തുന്നത്. ഫൗസ്ത്താരി കമ്മീഷൻ അനന്തരാമഅയ്യർ ഹ്രസ്വമായ കാലയളവിൽ 30 ലക്ഷത്തിലധികം രൂപ സമ്പാദിച്ചിരിക്കുന്നു. ശങ്കരൻതമ്പിയും 30 ലക്ഷത്തോളം രൂപ സമ്പാദിച്ചിട്ടുണ്ട്. മാത്രമല്ല, അവരുടെ പത്നിമാരും ബന്ധുക്കളും കൈക്കൂലിയിലൂടെയും മറ്റ് അവിഹിതമാർഗ്ഗങ്ങളിലൂടെയും ഭീമമായ സമ്പാദ്യം ഉണ്ടാക്കി. അവ അവരുടെ ശമ്പളത്തിലൂടെ ലഭിച്ചിട്ടുള്ള സമ്പാദ്യങ്ങളല്ലെന്ന കാര്യം വ്യക്തമാണ്. അവിഹിതവും അഴിമതി നിറഞ്ഞതുമായ മാർഗ്ഗങ്ങളാണ് ഇതിലേക്കവർ കൈക്കൊണ്ടിട്ടുള്ളത്. അതേസമയം ദരിദ്രർ പിന്നെയും ദരിദ്രരായിത്തീരുകയാണ്. രാജാവിന്റെ അനുയായികൾ ജനങ്ങളെ മുതലെടുത്ത് സ്വയം സമ്പന്നന്മാരായിത്തീർന്നു".

മഹാരാജാവിന്റെ സുഖലോലുപതയെയും ഭീമമായ പാഴ്ച്ചെലവുകളെയും രാമകൃഷ്ണപിള്ള വെറുതെവിട്ടില്ല. തന്റെ മകളുടെ താലികെട്ടു സംബന്ധിച്ച് വടശ്ശേരി അമ്മവീട്ടിൽ നടന്ന അന്ധവിശ്വാസപരമായ ചടങ്ങിൽ മഹാരാജാവ് ഒരു ലക്ഷത്തിലധികം രൂപ ചെലവഴിച്ചു. ഇത്തരം സുഖഭോഗചെലവുകൾ മുഖേന ജനങ്ങൾക്ക് രാജാവിനോടുള്ള കൂറു നഷ്ടപ്പെടുത്താൻ ഭരണകർത്താക്കൾ ഇടയാക്കുകയാണെന്നു പറയാൻ നമ്മുടെ നീതിബോധം നിർബന്ധിക്കുന്നു.

വീണ്ടും സർക്കാർ ഭണ്ഡാരത്തിന്റെ ഗണനീയമായൊരു ഭാഗം കൊട്ടാരം അതിന്റെ ആവശ്യങ്ങൾക്കായി വകതിരിച്ചിരിക്കുന്നു. നീതികരിക്കപ്പെടാവുന്ന ചെലവുകൾക്കല്ല പ്രത്യുത പ്രതാപവും സുഖലോലുപതയും പുലർത്തുന്നതിനും യാത്രകൾക്കും ഭോജനത്തിനും വേണ്ടിയുമാണ് ഈ സംഖ്യ ഉപയോഗിക്കുന്നത്. ദിവാന്റെ ചില ചാർച്ചക്കാരും ബന്ധുക്കളും തങ്ങൾക്കു ലഭിക്കുന്ന സാധാരണഗതിയിലുള്ള ശമ്പളത്തിനു പുറമെ വമ്പിച്ച സമ്പാദ്യം കുന്നുകൂട്ടുന്നു... അതേസമയം ജനങ്ങൾക്കാകട്ടെ യാതൊരുവിധമായ പ്രയോജനവും ഉണ്ടാകുന്നില്ല.

രാജഭരണം ഉന്മൂലനം ചെയ്യണമെന്നോ ഇന്ത്യയിലെ സാമ്രാജ്യത്വഭരണത്തെ തകിടം മറിക്കണമെന്നോ അദ്ദേഹം പരസ്യമായി പറഞ്ഞില്ലെന്നുള്ളത് നേരാണ്. അദ്ദേഹം സംഘടനയിലും സാമൂഹ്യഘടനയിലും ഭരണനിർവഹണത്തിലും എളുപ്പം നേടാവുന്ന പരിഷ്കാരങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. എന്നാൽ ഇത്തരം പരിമിതമായ ആവശ്യങ്ങൾക്കുപോലും രാജ്യത്ത് പരമ്പരാഗതമായി ആനുകൂല്യങ്ങൾ പുലർത്തിയിരുന്ന വിഭാഗത്തിൽ നിന്ന് കഠിനമായ എതിർപ്പുകളെയാണ് നേരിടേണ്ടിവന്നത്. അദ്ദേഹത്തിന്റെ ആശയഗതികളുടെ വിപ്ലവകരമായ അർത്ഥവ്യാപ്തി അവർ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു.

രാമകൃഷ്ണപിള്ളയുടെ ചിന്തോദ്ദീപകമായ എഴുത്തുകൾ ജനങ്ങളുടെയിടയിൽ അദ്ദേഹത്തെ കൂടുതൽ പ്രസിദ്ധനാക്കി. അദ്ദേഹത്തിന്റെ പ്രസിദ്ധിയെക്കുറിച്ച് ജീവിതകാലത്തുണ്ടായ രസകരമായ ഒരു സംഭവം പറയാം. നിയന്ത്രിത വോട്ടവകാശമുണ്ടായിരുന്നിട്ടും (ഭൂവുടമകൾക്കും ബിരുദധാരികൾക്കും മാത്രമേ വോട്ടവകാശമുണ്ടായിരുന്നുള്ളൂ) നെയ്യാറ്റിൻകര താലൂക്കിന്റെ പ്രതിനിധിയായി അദ്ദേഹം ശ്രീമൂലം അസംബ്ലിയിലേക്ക് ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. അംഗമെന്ന നിലയ്ക്ക്, അസംബ്ലിയിൽ ചർച്ച ചെയ്യുന്നതിന് അദ്ദേഹം രണ്ടു പ്രമേയങ്ങൾ അയച്ചു. ജനങ്ങളുടെ താൽപര്യങ്ങൾക്കു വിരുദ്ധമായി, ഭൂമി വാങ്ങുന്നതിന് വിദേശതോട്ടം ഉടമകൾക്കു നൽകിയിരുന്ന നിയന്ത്രണം കൂടാതുള്ള സൗകര്യങ്ങൾ നിറുത്തൽ ചെയ്യണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതായിരുന്നു ആദ്യത്തെ പ്രമേയം. രണ്ടാമത്തേത് ഉയർന്ന കൊട്ടാരം ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിയും അഴിമതിയും സംബന്ധിച്ചായിരുന്നു. കോപംകൊണ്ട് കത്തിജ്വലിച്ച ദിവാൻ ചിന്താക്കുഴപ്പത്തിലായി. ഇത്തരം പ്രമേയങ്ങളുടെ ചർച്ചകളെ അഭിമുഖീകരിക്കാൻ അദ്ദേഹത്തിനു ഭയമായിരുന്നു. തൊലി രക്ഷിക്കുന്നതിന് അദ്ദേഹം നിന്ദ്യമായ ഒരു ഉപായം ഉപയോഗിച്ചു. രാമകൃഷ്ണപിള്ള നെയ്യാറ്റിൻകരയിലെ സ്ഥിരവാസിയല്ലാത്തതുകൊണ്ട് അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് അസാധുവായിരിക്കുന്നതായി ദിവാൻ പ്രഖ്യാപിച്ചു. ഇത് രാജ്യത്തെ ഇളക്കി മറിച്ചു. വോട്ടർമാർ പൊതുയോഗങ്ങൾ സംഘടിപ്പിച്ച് ദിവാന്റെ നടപടിയിൽ പ്രതിഷേധം പ്രകടിപ്പിച്ചു. ഇതുകൊണ്ടൊന്നും ദിവാൻ കുലുങ്ങിയില്ല. രാമകൃഷ്ണപിള്ളയ്ക്കു പകരം ഒരാളെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി ആ നിയോജകമണ്ഡലത്തിൽ ഒരു ഉപതെരഞ്ഞെടുപ്പിന് അദ്ദേഹം ഉത്തരവിട്ടു. എന്നാൽ മത്സരത്തിന് ആരും മുന്നിട്ടു വരികയുണ്ടായില്ല. അതിനെത്തുടർന്ന് നെയ്യാറ്റിൻകരയുടെ പ്രതിനിധിയായി കേശവപിള്ള എന്നൊരാളെ ദിവാൻ നോമിനേറ്റ് ചെയ്തു. എന്നാൽ, ഇപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗം ബഹുമതി സ്വീകരിക്കാൻ വിസമ്മതിക്കുക മാത്രമല്ല ഏതെങ്കിലും അസംബ്ലി യോഗത്തിൽ സംബന്ധിക്കുകപോലും ചെയ്തില്ല. രാമകൃഷ്ണപിള്ളയുടെ സ്ഥാനം ഒഴിഞ്ഞുതന്നെ കിടന്നു.

രാമകൃഷ്ണപിള്ള ഈ സംഭവത്തെ വ്യാഖ്യാനിച്ചത് തന്റെ നേർക്കുള്ള വ്യക്തിപരമായ അധിക്ഷേപമായിട്ടല്ല, പ്രത്യുത ജനങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങൾക്കു നേരെയുള്ള ഭീരുത്വത്തോടുകൂടിയ ആക്രമണമായും കൊട്ടാരം ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിയും അഴിമതിയും തുടർന്നും പച്ചക്കൊടികാട്ടുന്ന പ്രവൃത്തിയായും ആയിരുന്നു. അഴിമതിയെക്കുറിച്ചുള്ള ചർച്ച തടഞ്ഞ നടപടി പ്രശ്നം പരിഹരിക്കാൻ സഹായകമല്ലെന്നു മാത്രമല്ല ജനങ്ങളുടെ കോപം ഉദ്ദീപിപ്പിക്കുന്നതിനു പര്യാപ്തമാവുകയേ ഉള്ളൂ എന്ന് അദ്ദേഹം മുന്നറിയിപ്പു നൽകി.

## 14.7

കേരളത്തിലും സ്വദേശാഭിമാനിയിലും പ്രസിദ്ധീകരിക്കപ്പെട്ട പത്രാധിപക്കുറിപ്പുകളും ലേഖനങ്ങളും, അവകാശങ്ങളെക്കുറിച്ച് കൂടുതൽ കൂടുതൽ ബോധവും ഗവൺമെന്റിനെക്കുറിച്ച് വർദ്ധിച്ച ആശങ്കയും പുലർത്തി വന്നിരുന്ന ജനങ്ങളിൽ പുതിയൊരു ഉണർവ്വ് സൃഷ്ടിച്ചു. ജനങ്ങളുടെ നീതിപൂർവകമായ ആവശ്യങ്ങൾ അംഗീകരിച്ച് സംതൃപ്തരാക്കുന്നതിനു പകരം പോലീസ് രീതികൾ അവലംബിച്ച് അവരെ അടിച്ചമർത്തുന്നതിനാണ് ദിവാനും അദ്ദേഹത്തിന്റെ ഗവൺമെന്റും ഒരുമ്പെട്ടത്. രാമകൃഷ്ണപിള്ള എഴുതി: “പൊതുജനാഭിപ്രായത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും വളർന്നുവന്ന പ്രവണതയുടെ മുന്നിൽ ഇന്ത്യയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥവൃന്ദം പ്രകടിപ്പിച്ച വിഭ്രാന്തി പ്രാദേശിക ഭരണാധികാരികൾ പകർത്തുകയും അതിന്റെ വേര് ഈ മണ്ണിൽ ഉറപ്പിക്കുകയും ചെയ്തു. അതിന്റെ സ്വാഭാവികമായ പ്രത്യാഘാതം ജനങ്ങളും രാജ്യവും തമ്മിൽ പരസ്പരം അവിശ്വാസവും അതിനെത്തുടർന്ന് പരസ്പരമുള്ള സ്ഥാപനങ്ങളുടെ വസ്തുകളിലേക്ക് രഹസ്യമായ ചുഴിഞ്ഞു നോട്ടവുമായിരുന്നു. അങ്ങനെ പോലീസിന്റെ സാന്നിദ്ധ്യം വളരെ പ്രകടമായിരുന്നു. ബ്രിട്ടീഷ് ഇന്ത്യയിലെപ്പോലെ നാം പോലീസ് ഭരണത്തിൽ കീഴിൽ അമരുകയായിരുന്നു. ഈ ഭരണം എവിടെ ചെന്ന് അവസാനിക്കുമെന്ന് നമുക്ക് അറിയുമായിരുന്നില്ല”.

പോലീസ് അതിക്രമങ്ങൾ സംസ്ഥാനത്ത് ഗുരുതരമായ ഒരു സ്ഥിതി വിശേഷം സൃഷ്ടിച്ചു. തന്മൂലം നിശബ്ദമായിരിക്കാൻ ജനങ്ങൾ നിർബന്ധിതരായി എന്നാൽ ഈ മൗനം സമ്മതത്തിന്റെ സൂചനയായിരുന്നില്ല. അടിച്ചമർത്തൽ അസഹ്യമായിത്തീർന്നതോടെ തിരിച്ചടിക്കാനും അവർ മടിച്ചില്ല. 1908 ലെ ചാല സംഘട്ടനം ഇതിനൊരുദാഹരണമാണ്. പോലീസിനെക്കൊണ്ട് പൊറുതിമുട്ടിയ ചെറിയ കച്ചവടക്കാർ തങ്ങളുടെ അവകാശങ്ങൾ പരിഗണിക്കണമെന്നവാശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് തുടർച്ചയായ നിവേദനം സമർപ്പിച്ചു. ഒരു മറുപടിപോലും ലഭിക്കാത്തതിനെത്തുടർന്ന് പോലീസ് അക്രമങ്ങളിൽ പ്രതിഷേധിക്കാനായി ജനങ്ങൾ ഒരു വലിയ ഘോഷയാത്രയായി കൊട്ടാരത്തിലേക്കു മാർച്ചു ചെയ്തു. ചാലയിൽ വച്ചു പോലീസ് നടത്തിയ പ്രകോപനപരമായ ഇടപെടൽ ജനങ്ങളെ കോപാകുലരാക്കുകയും അതിനെത്തുടർന്ന് പോലീസിന്റെ മേൽ കല്ലെറിയുകയും പോലീസ് സ്റ്റേഷനു തീവെയ്ക്കുകയും ചെയ്തു. അവസാനം പട്ടാളം ഇടപെട്ട് ലഹള ഒതുക്കുകയും അനേകം ആളുകളെ തടവിലാക്കുകയും ചെയ്തു. മിക്ക പത്രങ്ങളും ഇതിൽ ഇടപെടാൻ ഭയപ്പെട്ടു. നേരെമറിച്ച് രാമകൃഷ്ണപിള്ള ജനങ്ങളുടെ പക്ഷം പിടിച്ച് പോലീസ് അതിക്രമങ്ങളെയും ഗവൺമെന്റിന്റെ മർദ്ദനനയത്തെയും വിമർശിച്ചു. അദ്ദേഹം എഴുതി: “പോലീസിന്റെ മർദ്ദനചരിത്രത്തിൽ തിരുവിതാംകൂറിൽ നടത്തിയതുപോലുള്ള ക്രൂരമായ പീഡനം മറ്റൊരിടത്തും നടത്തിയിട്ടില്ല. സമീപകാലത്തെ ബഹളത്തോടനുബന്ധിച്ചുള്ള സംഭവം ഇതു സംബന്ധിച്ച യാഥാർത്ഥ്യം വെളിവാക്കുന്നു. അവ ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ ഈ ബഹളകാലത്തുണ്ടായതായി പറയപ്പെടുന്ന വേദനാജനകമായ സംഭവഗതികളെക്കാളും ഒട്ടു മോശമായിരുന്നില്ല”.

മൂന്നു മാസങ്ങൾക്കു ശേഷം അദ്ദേഹം വീണ്ടും എഴുതി: “ചാലയിലെ ലഹളയ്ക്ക് ധാർമ്മികമായ പ്രാധാന്യം ഇല്ലാതില്ല. ലഹള പോലീസിനെയും അവരുടെ മാർഗങ്ങളെയും കുറിച്ച് വളർന്നു വരുന്ന അപ്രീതിയുടെ യഥാർത്ഥ സൂചനയായിരുന്നെങ്കിൽ സാഹചര്യവുമായി പൊരുത്തപ്പെടാനുള്ള മജിസ്ട്രേറ്റുമാരുടെ കഴിവില്ലായ്മയും, കൽപന നൽകിയിരുന്ന ഉന്നതോദ്യോഗസ്ഥന്മാരുടെ നയരാഹിത്യവും, ലഹളയെത്തുടർന്നുള്ള വിവേചനരഹിതമായ അറസ്റ്റുകളും കുറ്റക്കാരെ വിചാരണയ്ക്കു വിധേയമാക്കുന്നതിൽ വരുത്തിയ അസാധാരണമായ കാലതാമസവും കസ്റ്റഡിയിലെടുക്കപ്പെട്ടവരെ മൃഗീയതകൾക്കു വിധേയമാക്കലും, ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ പ്രതികാരവാഞ്ഛയും അധികാരത്തിന്റെ കരങ്ങൾ ഗ്രഹിച്ചിരുന്നു. അത്തരം വിലകെട്ട പ്രവർത്തനങ്ങൾ നിറുതിവയ്ക്കാനും ന്യായമായ പഥത്തിൽ കൊണ്ടുവരുന്നതിനും വേണ്ടി സ്വന്തം സ്വാധീനം ഉപയോഗിക്കണമെന്ന് രാമകൃഷ്ണപിള്ള മഹാരാജാവിനോടഭ്യർത്ഥിച്ചു. ചാലയിലെ കുഴപ്പങ്ങളെ സംബന്ധിച്ച് ദിവാന്റെ പക്ഷപാതപരവും മുൻവിധിയോടുകൂടിയതുമായ അസംബ്ലി റിപ്പോർട്ടിനെ വെല്ലുവിളിച്ചുകൊണ്ട് അദ്ദേഹം പ്രസ്താവിച്ചു.

“അത് ഒരു ഗുരുതരമായ ലഹളയാണെന്ന് വിശേഷണം നൽകുകയും അത് എങ്ങനെ സംഭവിച്ചുവെന്നും അതിനെതുടർന്ന് എന്തൊക്കെ ഉണ്ടായി എന്നും വിവരിക്കുന്ന ദിവാന്റെ പ്രവൃത്തി രാജ്യതന്ത്രജ്ഞതയ്ക്കു വിരുദ്ധമായിപ്പോയെന്നു ഞങ്ങൾ കരുതുന്നു. മറ്റ് സാഹചര്യങ്ങളിൽ ദിവാൻ പ്രകടിപ്പിച്ച അഭിപ്രായപ്രകടനങ്ങൾ കോർട്ടലക്ഷ്യമായി പരിഗണിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. എന്നാൽ സ്റ്റേറ്റ് തന്നെ വാദിയായിട്ടുള്ള സാഹചര്യത്തിൽ ഇപ്രകാരമുള്ള ഒരു പെരുമാറ്റം നിരുത്തരവാദപരമായിപ്പോയി. എന്തായാലും ചാല ലഹളയെ സംബന്ധിച്ച വിചാരണ നടത്തുന്ന നീതിമാനായ ന്യായാധിപൻ പ്രസ്തുത സംഭവത്തെക്കുറിച്ച് മേല്പ്പറഞ്ഞ സാഹചര്യത്തിൽ നൽകിയിട്ടുള്ള വ്യാഖ്യാനത്താൽ സ്വാധീനിക്കുകയില്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു”.

രാമകൃഷ്ണപിള്ള ചൂണ്ടിക്കാണിച്ചതുപോലെ “ദക്ഷിണേന്ത്യയിലെ പൊതുജനശ്രദ്ധയെ കൂടുതൽ പിടിച്ചു നിർത്തിയത് ലഹളയല്ല. അതിനെത്തുടർന്ന് സ്തോഭജനകമായ സംഭവഗതികൾ മൂലമുണ്ടായ വർദ്ധിച്ച കുഴപ്പങ്ങളാണ്”.

63 പേരെ സെഷൻസ് കോടതി ശിക്ഷിച്ചു. എന്നാൽ ഹൈക്കോടതി അവരെയെല്ലാം വെറുതെ വിടുകയും ജനങ്ങളുടെ നേരെ വെടിവയ്ക്കുകയും കോടതിയിൽ കളവായി തെളിവു നൽകുകയും ചെയ്ത പോലീസുദ്യോഗസ്ഥന്മാരുടെ പേരിൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാനും, അധികാര ദുർവിനിയോഗം നടത്തിയ സെഷൻസ് ജഡ്ജിയെ ഡിസ്മിസ് ചെയ്യാനും ശുപാർശ ചെയ്യുകയാണുണ്ടായത്. എന്നാൽ രാജ്യത്തിലെ ഉന്നതാധികാരികൾ കൗശലത്തോടുകൂടി ജഡ്ജിയുടെ ശുപാർശകൾ അവഗണിക്കുകയും കുറ്റക്കാരെ രക്ഷപ്പെടുത്തുകയും ചെയ്തു. രാമകൃഷ്ണപിള്ള പരിഹാസപൂർവ്വം അഭിപ്രായപ്പെട്ടു: “നമ്മുടെ ഗവൺമെന്റിന്റെ അഭിപ്രായത്തിൽ പോലീസ് സേന സത്യത്തിന്റെയും നീതിയുടെയും വിളനിലമായ പുണ്യവാളന്മാരെക്കൊണ്ട് നിറഞ്ഞതാണ്. ജുഡീഷ്യറിയും എക്സിക്യൂട്ടീവും ഇത്തരമൊരു വിഷമസ്ഥിതിയിലകപ്പെട്ടതായി പറയേണ്ടിവന്നതിൽ ഞങ്ങൾക്കു ഖേദമുണ്ട്. ഒരു മെച്ചപ്പെട്ട സ്ഥിതി സംജാതമാകണമെന്നു മാത്രമാണ് ഞങ്ങളുടെ ആഗ്രഹം”.

# 14.8

ദിവാനും അദ്ദേഹത്തിന്റെ ഗവൺമെന്റും തികച്ചും കുഴങ്ങിയ സ്ഥിതിയിലായി. സംഭ്രമംകൊണ്ടും അതേ സമയം വിമർശനങ്ങളിൽ രോഷം പൂണ്ടും ഒരു പത്രനിയമം നടപ്പാക്കി പത്രസ്വാതന്ത്ര്യം ഹനിക്കുവാനും അങ്ങനെ സത്യത്തിന്റെ നാദത്തെ നിശബ്ദമാക്കാനും അവർ ആഗ്രഹിച്ചു. രാമകൃഷ്ണപിള്ള ഈ അപകടം മണത്തറിഞ്ഞു. ഈ നിർദ്ദേശത്തെ വിമർശിച്ചുകൊണ്ട് രാമകൃഷ്ണപിള്ള എഴുതി. ‘തിരുവിതാംകൂറിൽ പത്രസ്വാതന്ത്ര്യം നിയന്ത്രിക്കുകയല്ല; നേരെമറിച്ച് അഴിമതി ഉന്മൂലനം ചെയ്യുന്നതും ഗവൺമെന്റിന്റെ എല്ലാ വിഭാഗങ്ങളും സത്യവും നീതിയും പുലർത്തുന്നുണ്ടോ എന്ന് വീക്ഷിക്കുന്നതുമായ ഒരു ഭരണകൂടമാണ് ഇന്നാവശ്യം”.

എന്നിരുന്നാലും പത്രപ്രവർത്തനത്തിന്റെ നില നന്നാക്കുന്നതിന് പുതിയ ഒരു നിയമം ഉണ്ടാകേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച്, പ്രബോധനപരമായ ലേഖനങ്ങളും അഭിപ്രായങ്ങളും വിശ്വസ്തപത്രങ്ങളിൽ അടിക്കടി പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. ദിവാനെ അനുകൂലിക്കുന്ന വെസ്റ്റേൺസ്റ്റാർ എന്ന പത്രത്തിന്റെ പത്രാധിപർ, ഒരു പടികൂടി മുന്നോട്ടു കടന്ന്, “നിലതെറ്റിയ വർത്തമാനപത്രങ്ങളുടെ ഉത്തരവാദിത്വരാഹിത്യത്തെ” അവസാനിപ്പിക്കുന്നതിന് ഗവൺമെന്റ് പത്രങ്ങളെ നിയന്ത്രിക്കണമെന്ന് പറയുകയുണ്ടായി. രാമകൃഷ്ണപിള്ള തിരിച്ചടിച്ചു: “തിരുവിതാംകൂറിൽ പത്രങ്ങളെ കൂടുതൽ കർക്കശമായി ഗവൺമെന്റ് നിയന്ത്രിക്കണമെന്ന് നമ്മുടെ ‘ബഹുമാന്യ’ സഹജീവി വെസ്റ്റേൺസ്റ്റാറിന്റെ പ്രസ്താവനകൾക്ക് ഉന്മാദം കൊണ്ട് ആഘാതം സംഭവിച്ചിട്ടുള്ളതായി കാണുന്നു. ന്യായം പുലർന്നു കാണുന്നതിനുവേണ്ടി സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ചാപല്യങ്ങൾ തുറന്നുകാട്ടുകയും വിമർശിക്കുകയും ചെയ്യുന്നത് ഏതെങ്കിലും തരത്തിൽ ദ്രോഹപരമായ പ്രവർത്തിയല്ല. നേരെമറിച്ച് അത് തീർത്തും പൗരധർമ്മത്തിന്റെയും പത്രപ്രവർത്തനത്തിന്റെയും സത്യസന്ധമായ നിർവഹണത്തിലേക്കു നയിക്കും. പക്ഷപാതിത്വം അവസാനിപ്പിക്കുകയും രാജകീയസ്തുതിപാഠകരുൾപ്പെടെ സേവകരുടെ നുകം പൂർണ്ണമായി നീക്കം ചെയ്യുകയും ചെയ്യേണ്ടതാവശ്യമാണെന്നും വെസ്റ്റേൺസ്റ്റാറിന്റെ ബുദ്ധി മിനുക്കി അതിനെ മനസ്സിലാക്കുന്നതിന് ഏതെങ്കിലും ജേർണലിസ്റ്റ് ആഹ്വാനം ചെയ്യേണ്ടതാണ്.

ഇത്തരം വിമർശനങ്ങളെ അവഗണിച്ചുകൊണ്ട് രാജ്യത്ത് പത്രപ്രവർത്തനത്തിന്റെ നിലവിലുള്ള സ്ഥിതിയും വീക്ഷണവും പരിഗണിക്കുന്നതിനുവേണ്ടി തിരുവിതാംകൂറിലെ എല്ലാ വർത്തമാനപത്രങ്ങളുടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടേയും പത്രാധിപന്മാരുടെ ഒരു സമ്മേളനം ചേരണമെന്ന്” വെസ്റ്റേൺ സ്റ്റാറിന്റെ പത്രാധിപർ നിർദ്ദേശിച്ചു. “ക്ഷണക്കത്തയച്ചതിന്റെ പിന്നിലുള്ള രഹസ്യമായ സ്പ്രിങ്ങ് പ്രവർത്തനം” ഗ്രഹിക്കുവാനുള്ള ബുദ്ധി രാമകൃഷ്ണപിള്ളയ്ക്കുണ്ടായിരുന്നു. പത്രാധിപന്മാരുടെ സമ്മേളനത്തിനും തിരുവിതാംകൂർ പ്രസ്സ് അസോസിയേഷന്റെ രൂപീകരണത്തിനു തന്നെയും താൻ എതിരല്ലെന്നും അദ്ദേഹം വ്യക്തമാക്കി. അത്തരം ഒരു അസോസിയേഷൻ രൂപീകരിക്കുന്നതുമൂലം പ്രസിദ്ധീകരണങ്ങൾ എല്ലാവിധത്തിലും മെച്ചപ്പെടുത്തുന്നതിന് പല കാര്യങ്ങളും ചെയ്യാൻ സാധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. എന്നാൽ അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്നതിന് ഏതെങ്കിലും നിയമനിർമ്മാണം നടത്തുന്നതിലുള്ള തന്റെ കടുത്ത എതിർപ്പ് അദ്ദേഹം പ്രകടിപ്പിക്കുകയാണുണ്ടായത്” അദ്ദേഹം എഴുതി.

> “കുറേക്കാലമായി ഇന്ത്യയിലാകമാനം രാജ്യദ്രോഹവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള അധികാരങ്ങളുടെ നിഗമനം ചില പത്രങ്ങളുടെ മേൽ ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ ചില വിഭാഗങ്ങൾ ഒരു തരം പീഡനം ആരംഭിച്ചിരിക്കുന്നു. സർക്കാർ ഉദ്യോഗസ്ഥന്മാർ വിശ്വസിക്കുന്ന കാര്യങ്ങൾ മറച്ചുപിടിക്കുന്നത് പത്രപ്രവർത്തകരെ സംബന്ധിച്ചിടത്തോളം ഒരു തെറ്റായ പ്രവണതയാണ്. ഇത് ഒരു സ്ഥാപനമെന്ന നിലയിൽ ഗവൺമെന്റിന്റെ നേർക്ക് കാട്ടാവുന്ന തികഞ്ഞ അവഹേളനമാണ്. ഗവൺമെന്റിന്റെയും സർക്കാർ ഉദ്യോഗസ്ഥന്മാരുടെയും നേർക്ക് ദുരുദ്ദേശപ്രേരിതമായ മാർഗ്ഗങ്ങൾ അവഗണിക്കുന്നത് ഒട്ടും അഭിലഷണീയമല്ല”. എന്നാൽ തിരുവിതാംകൂറിനെ സംബന്ധിക്കുന്ന കാര്യം തികച്ചും ഭിന്നമായിരുന്നു. പത്രങ്ങളൊന്നും രാജ്യദ്രോഹ പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്നില്ല. ആരും കൂറുപുലർത്തുന്നതിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്തിരുന്നില്ല. തിരുവിതാംകൂറിലെ ഏതെങ്കിലും വർത്തമാനപത്രത്തിൽ രാജാവിനെക്കുറിച്ചോ ഒരു കോർപ്പറേഷൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ഗവൺമെന്റിനെക്കുറിച്ചോ വെറുപ്പുണ്ടാകത്തക്ക ഒരു വാക്കുപോലും ഒരിക്കലും പ്രത്യക്ഷപ്പെട്ടിരുന്നില്ല. കുറ്റവിചാരണ ചെയ്യേണ്ട നിയമങ്ങളെക്കുറിച്ച് ശക്തിയായി വാദിക്കുമ്പോൾ തന്നെയും ഉദ്യോഗസ്ഥന്മാരെക്കുറിച്ചോ മഹാരാജാവിന്റെ സേവകരെക്കുറിച്ചോ ഒന്നും പറഞ്ഞില്ല”.

വർത്തമാനപ്പത്രങ്ങളുടെ പത്രാധിപന്മാരുടെ സമ്മേളനം അവസാനം നടന്നു. പൊതുവേ പത്രസ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്നതു സംബന്ധിച്ച ഏതെങ്കിലും പുതിയ നിയമനിർമ്മാണത്തെക്കുറിച്ച് പത്രാധിപന്മാർക്ക് അനുകൂലാഭിപ്രായമുണ്ടായിരുന്നില്ല. അതേസമയം സ്വദേശാഭിമാനി പോലുള്ള പത്രങ്ങളെ അമർത്തുന്നതിൽ അവർ എതിർപ്പു പ്രകടിപ്പിച്ചുമില്ല. നിലവിലുള്ള നിയമങ്ങളനുസരിച്ച് സ്വദേശാഭിമാനിക്കെതിരെ ക്രിമിനൽ നടപടികൾ കൈക്കൊള്ളുകയാണെങ്കിൽ അത് തനിക്കെതിരായി തിരിയുമെന്നും, തന്റെ പല ദുഷ്പ്രവൃത്തികളും വിട്ടുകളഞ്ഞ വസ്തുതകളും നിർദ്ദിഷ്ടമായ ചുമതലകളും വെളിച്ചത്തു കൊണ്ടുവരുമെന്നും തന്ത്രശാലിയായ ദിവാന് അറിയാമായിരുന്നു.

ഒരു നിയമവിദ്യാർത്ഥിയെന്ന നിലയിൽ നിയമത്തിന്റെ നാലതിരുകൾക്കുള്ളിൽ നിന്നുകൊണ്ടാണ് രാമകൃഷ്ണപിള്ള ഓരോ വാക്കും എഴുതിയിരുന്നത്. അദ്ദേഹം ഉന്നയിക്കുന്ന ആരോപണങ്ങൾ തെളിയിക്കുന്നതിന് അനേകം തെളിവുകളും ശേഖരിക്കുമായിരുന്നു. മാത്രമല്ല, ജനങ്ങൾക്കുവേണ്ടി അദ്ദേഹം സമരം നടത്തുകയായിരുന്നു. സമരത്തിന്റെ അന്തിമവിജയത്തെക്കുറിച്ച് അദ്ദേഹത്തിന് തികഞ്ഞ ശുഭാപ്തി വിശ്വാസമുണ്ടായിരുന്നു. 1910 സെപ്തംബർ 19-ാം തീയതി അദ്ദേഹം എഴുതി: “ശ്രീരാജഗോപാലാചാരിയെപ്പോലുള്ള അഹംഭാവികൾ കാറ്റിൽ പുല്ലുചെത്തുന്ന വാൾപോലെ വിറയ്ക്കുന്നു. പിൻബലത്തിനുവേണ്ടി ജനങ്ങളുടെ സ്വാതന്ത്ര്യത്തെ കടിഞ്ഞാണിടുന്ന നിയമങ്ങളെ അവർ ആശ്രയിച്ചിരുന്നു. എന്നാൽ ഇത്തരം ഭരണാധികാരികളുടെ സ്വേച്ഛാധിപത്യം തളരാത്ത ജനാധിപത്യസമരക്കൊടുങ്കാറ്റിൽ പരാജയപ്പെടുത്താൻ കഴിയുമായിരുന്നു.

# 14.9

സുമാർ ഒരാഴ്ചയ്ക്കു ശേഷം 1910 സെപ്തംബർ 26-ാം തീയതി പരിഭ്രാന്തി പൂണ്ട ഗവൺമെന്റ് അന്തിമ പ്രഹരമേൽപിച്ചു. സുശക്തരായ രണ്ടു സംഘം പോലീസ് ഒരേസമയം സ്വദേശാഭിമാനിയുടെ ഓഫീസും പത്രാധിപരുടെ വസതിയും വളയുകയും പ്രസ്സും, ഉപകരണങ്ങളും, അകസാമാനങ്ങളും പുസ്തകങ്ങളുടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും അപൂർവ്വമായ ശേഖരങ്ങളും വിലപിടിച്ച രേഖകളും കണ്ടുകെട്ടുകയും ചെയ്തു. പത്രാധിപരെ അറസ്റ്റു ചെയ്യുകയും പോലീസ് സ്റ്റേഷനിലേക്കു കൊണ്ടുപോകുകയും ചെയ്തു.

കാട്ടുതീപോലെ ഈ വാർത്ത പരന്നു. പട്ടണം മുഴുവൻ ഇളകിവശായി. പ്രതിഷേധസൂചകമായി ജനങ്ങൾ വലിയൊരു പ്രകടനം നടത്തി; വിദ്യാർത്ഥികൾ തെരുവീഥികളിലിറങ്ങി. ഗതാഗതം പൂർണ്ണമായി നിലച്ചു. ആയിരക്കണക്കിനു ജനങ്ങൾ പോലീസ് സ്റ്റേഷനു ചുറ്റും തിങ്ങിക്കൂടുകയും പുഞ്ചിരിക്കുന്ന തടവുകാരനെ നോക്കി ആർത്തുവിളിക്കുകയും ചെയ്തു. പത്രാധിപരെ വിചാരണക്കായി കോടതിയിൽ ഹാജരാക്കുന്നതാണെന്ന അറിയിപ്പു ലഭിച്ചതിനു ശേഷമേ അവർ പിരിഞ്ഞു പോയുള്ളൂ. യഥാർത്ഥത്തിൽ പത്രാധിപരും ഒരു വിചാരണയെ സ്വാഗതം ചെയ്തിരുന്നു. കാരണം ഭരണകൂടത്തിന്റെ സ്വേച്ഛാധിപത്യ പ്രവണതയും ക്രൂരതയും വെളിച്ചത്തു കൊണ്ടുവരാൻ പറ്റിയ അവസരമാണല്ലോ. എന്നാൽ ഗവൺമെന്റ് അവരുടെതന്നെ കോടതിയിൽ അദ്ദേഹത്തെ നേരിടാൻ ഭീരുത്വം പ്രകടിപ്പിച്ചിരുന്നു. അതിനു പകരം 'മഹാരാജാവ് ഒരു രാജകീയ വിളംബരം പുറപ്പെടുവിച്ചു'. അതിൽ ഇങ്ങനെ പറഞ്ഞിരുന്നു:

"ശ്രീപത്മനാഭദാസവഞ്ചി പാല സർ രാമവർമ്മ കുലശേഖര കിരീടപതി മന്നേസുൽത്താൻ മഹാരാജ രാജരാമരാജ ബഹദൂർഷംഷേർജംഗ് നൈറ്റ് ഗ്രാന്റ് കമ്മാൻഡർ ഓഫ് ദി മോസ്റ്റ് എക്സാൾട്ടഡ് ഓർഡർ ഓഫ് ദി സ്റ്റാർ ഓഫ് ഇന്ത്യ, നൈറ്റ് ഗ്രാന്റ് കമ്മാൻഡർ ഓഫ് ദി മോസ്റ്റ് എമിനന്റ് ഓർഡർ ഓഫ് ദി ഇന്ത്യൻ എംപയർ, എഫ്.എം.യു.എം.ആർ.എ.എസ്. ഓഫീസർ ഓഫ് ദി ലാ ഇൻസ്ട്രക്ഷൻ പബ്ലിക് മഹാരാജാ അവർകൾ ജനങ്ങളറിയുന്നതിനു പുറപ്പെടുവിക്കുന്ന വിളംബരം:

ജനക്ഷേമം മുൻനിറുത്തി തിരുവനന്തപുരത്തു നിന്നും പ്രസിദ്ധീകരിക്കുന്ന സ്വദേശാഭിമാനി വർത്തമാനപത്രത്തെ നിരോധിക്കുകയും ആ പത്രത്തിന്റെ മാനേജിംഗ് പ്രൊപ്രൈറ്ററും പത്രാധിപരുമായ കെ. രാമകൃഷ്ണപിള്ളയെ നാടുകടത്തുകയും ചെയ്യണമെന്ന് നമുക്ക് ബോദ്ധ്യം വന്നിരിക്കുന്നതിനാൽ പ്രസ്തുത രാമകൃഷ്ണപിള്ളയെ അറസ്റ്റു ചെയ്ത് നാടുകടത്തിക്കൊണ്ടും നമ്മുടെ രാജ്യത്തേക്കുള്ള അദ്ദേഹത്തിന്റെ പുനഃപ്രവേശനം നമ്മുടെ മറിച്ചൊരുത്തരവുണ്ടാകുന്നതുവരെ തടഞ്ഞുകൊണ്ടും ഇതിനാൽ ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു. സ്വദേശാഭിമാനി എന്ന വർത്തമാനപത്രത്തിന്റെ എല്ലാ പ്രതികളും, ആ പത്രം അച്ചടിക്കാനുപയോഗിച്ച പ്രസ്സും മറ്റു സാമഗ്രികളും അതിനോട് ബന്ധപ്പെട്ട എല്ലാ വസ്തുവകകളും നമ്മുടെ ഗവൺമെന്റ് കണ്ടുകെട്ടിയിരിക്കുന്നതുമാകുന്നു. നമ്മുടെ ഗവൺമെന്റിനോ ഏതെങ്കിലും ഗവൺമെന്റുദ്യോഗസ്ഥനോ എതിരെ ആരെങ്കിലും ഇതുസംബന്ധിച്ച് സിവിലായോ മറ്റുവിധത്തിലോ യാതൊരു വ്യവഹാരവും ഫയൽ ചെയ്യാൻ പാടില്ലെന്നും ഇതിനാൽ നാം ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു".

ഈ വിചിത്രതരമായ ഉത്തരവിലൊരു ഭാഗത്തും പത്രാധിപർ ചെയ്ത കുറ്റം എന്താണെന്നോ, പൊതുജനതാൽപര്യത്തിന് അദ്ദേഹത്തിന്റെ പത്രം എങ്ങനെ വിരുദ്ധമായി പ്രവർത്തിച്ചെന്നോ, കോടതിയിൽ പോകുവാൻ അനുവദിക്കാത്തത് എന്തിനാണെന്നോ പ്രസ്താവിക്കാത്തതിൽ നിന്നും ഗവൺമെന്റിന്റെ ഭീരുത്വം തികച്ചും വ്യക്തമാകുന്നുണ്ട്. രായ്ക്കുരാമാനം ദ്രുതഗതിയിൽ രാമകൃഷ്ണപിള്ളയെ തിരുവിതാംകൂറിൽ നിന്നും ഒളിച്ചു കടത്തിയതുതന്നെ ഇതു സംബന്ധിച്ച ആശയങ്ങളെ ബലപ്പെടുത്തുന്നുണ്ട്.

രാമകൃഷ്ണപിള്ളയുടെ അറസ്റ്റിനെയും നാടുകടത്തലിനെയും തുടർന്ന് ഒരു ഭീകരവാഴ്ച തന്നെ നടന്നു. സ്വദേശാഭിമാനിയുടെ പ്രതികൾ കൈവശം വച്ചിരുന്നവർ അറസ്റ്റു ഭയന്ന് അവ സുരക്ഷിതമായി ഒളിച്ചു വയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്തു. പത്രാധിപരുമായി അടുപ്പമുണ്ടായിരുന്ന ഏവരെയും സംശയദൃഷ്ട്യാ വീക്ഷിച്ച് തിരുവിതാംകൂർ നാട്ടുരാജ്യത്ത് സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടിയുള്ള ജനങ്ങളുടെ പ്രസ്ഥാനത്തിന് താൽക്കാലികമായ മാന്ദ്യം നേരിട്ടു.

എന്നാൽ തിരുവിതാംകൂറിനു പുറത്ത് രാമകൃഷ്ണപിള്ളയെ നാടുകടത്തിക്കൊണ്ടുള്ള രാജകീയ വിളംബരം വ്യാപകമായ പ്രതിഷേധങ്ങൾക്കിടയാക്കി. എഴുത്തുകാർ, ബുദ്ധിജീവികൾ, രാഷ്ട്രീയ പ്രവർത്തകർ തുടങ്ങി അനേകം പ്രധാന വ്യക്തികൾ നാടുകടത്തലിനെ കടുത്ത അനീതിയായും നിരുത്തരവാദത്തിന്റെ ഗർഹണീയമായ പ്രാദുർഭാവമായും അപലപിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പല പത്രങ്ങളും തിരുവിതാംകൂർ ഗവൺമെന്റിന്റെ അനീതിപരമായ നടപടിയെ കഠിനമായി വിമർശിച്ചുകൊണ്ട് ലേഖനങ്ങളും പത്രാധിപക്കുറിപ്പുകളും പ്രസിദ്ധീകരിച്ചു. ഉദാഹരണമായി കൽക്കട്ടയിലെ ബംഗാളി എന്ന പത്രം; വിചാരണ കൂടാതുള്ള നാടുകടത്തലിനു പുറമെ കുറ്റം ചുമത്തപ്പെട്ട ആളിൽ നിന്ന് ഒരു വിശദീകരണംപോലും തേടാതുള്ള നടപടി പൈശാചികമല്ലാതെ മറ്റൊന്നുമല്ലെന്ന് എഴുതി. മിതവാദിത്വം പുലർത്തുന്ന മദ്രാസിലെ ഹിന്ദുപത്രം പോലും 1910 സെപ്തംബർ 28-ാം തീയതിയിലെ മുഖപ്രസംഗത്തിൽ എഴുതി:

> "ഇക്കാര്യത്തിൽ പുറപ്പെടുവിച്ച ഉത്തരവ് പ്രബുദ്ധമായ ഒരു ഗവൺമെന്റിന് ഒരിക്കലും ഭൂഷണമല്ലെന്ന് പറയാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാവുന്നു, ജനങ്ങളുടെയിടയിൽ സമാധാനം സ്ഥാപിക്കുന്നതിന് നിയമത്തെ ആശ്രയിക്കേണ്ട സ്ഥാനത്ത് ശക്തി പ്രയോഗിക്കുന്നത് ഗവൺമെന്റിന്റെ ശക്തിയുടെ സൂചനയേയല്ല. ദൗർബല്യത്തിന്റെ വ്യക്തമായ ഏറ്റുപറച്ചിലിനെയാണ് കാണിക്കുന്നത്".

## 14.10

സ്വാതന്ത്ര്യത്തിനും നീതിക്കും വേണ്ടി ഒടുങ്ങാത്ത ദാഹം പുലർത്തിയതൊഴികെ മറ്റൊരാഗ്രഹവും പ്രകടിപ്പിക്കാത്ത രാമകൃഷ്ണപിള്ളയെ തിരുവിതാംകൂറിന്റെ അതിർത്തികൾക്ക് പുറത്തേക്ക് ബലം പ്രയോഗിച്ച് കൊണ്ടുപോയി. തികച്ചും അപ്രതീക്ഷിതമായിട്ടാണു നാടുകടത്തൽ അനുഭവപ്പെട്ടതെങ്കിലും അതിന് അദ്ദേഹത്തിന്റെ അജയ്യമായ മനഃസാന്നിദ്ധ്യത്തെ തകർക്കാൻ കഴിഞ്ഞില്ല. ദുരിതങ്ങൾക്കൊന്നിനും ജനങ്ങളുടെ താൽപര്യങ്ങളോടുള്ള തന്റെ കടമയിൽ നിന്നും അദ്ദേഹത്തെ വ്യതിചലിപ്പിക്കാൻ കഴിഞ്ഞില്ല. താൻ പോറ്റിവളർത്തിയ സ്വാതന്ത്ര്യം, ജനാധിപത്യം, സാമൂഹ്യനീതി എന്നീ ആദർശങ്ങളിലുള്ള തന്റെ ജ്വലിക്കുന്ന വിശ്വാസത്തെ കെടുത്തുവാൻ ഒരു വസ്തുവിനും സാദ്ധ്യമായിരുന്നില്ല.

രാമകൃഷ്ണപിള്ളയുടെ സഹധർമ്മിണി മൂന്നും നാലും വയസ്സ പ്രായമുള്ള മക്കളുമായി രാമകൃഷ്ണപിള്ളയെ സന്ദർശിക്കാൻ തിരുനെൽവേലിയിൽ എത്തി. തന്റെ വ്യാഴവട്ട സ്മരണകളിൽ ഉദ്വേഗജനകമായ ആ പുനഃസമാഗമത്തെ അവർ ഇങ്ങനെ അനുസ്മരിക്കുന്നു:

> “അദ്ദേഹം സ്റ്റേഷനിൽ കാത്തു നിൽക്കുകയായിരുന്നു. ധരിച്ചിരുന്ന ഉടുപ്പോടുകൂടിത്തന്നെ നാടുവിട്ടുപോകേണ്ടി വന്നതിനാൽ അദ്ദേഹത്തിനു കുളിച്ചാൽ മാറ്റാനൊരു മുണ്ടോ ഇടാൻ ഷർട്ടോ ഉണ്ടായിരുന്നില്ല. പുതിയ ഉടുപ്പുകൾ വാങ്ങാൻ കൈയിൽ പണവുമുണ്ടായിരുന്നില്ല. അതുകൊണ്ടു മുഷിഞ്ഞ ഉടുപ്പോടും യാത്രാക്ഷീണത്തോടും കൂടിയായിരുന്നു അദ്ദേഹം വന്നത്. ക്ഷൗരം ചെയ്യാത്ത താടി ആ മുഖത്തിന്റെ പ്രസാദം ഒട്ടൊന്നു കുറച്ചിരുന്നു. പക്ഷേ, ആ കണ്ണുകൾ! ഹാ! ആ ജ്വലിക്കുന്ന ഗോളങ്ങളുടെ പ്രകാശം ക്ഷയിപ്പിക്കാൻ യമദൂതന്മാർക്കല്ലാതെ മറ്റാർക്കു കഴിയും? എന്റെ നേരെ ഒരൊറ്റനോട്ടം, ധീരതയും സ്ഥൈര്യവും സ്നേഹവും ദയയും പ്രതിഫലിച്ചിരുന്ന നിഷ്കളങ്കമായ ആ കണ്ണുകൾ, സൂര്യോദയത്തിൽ ഇരുളെന്നപോലെ, എന്റെ എല്ലാ ഭയത്തെയും സന്ദേഹത്തേയും ദൂരീകരിച്ചു”.

അവരെ സംരക്ഷിക്കാനുള്ള സാമ്പത്തികോപായങ്ങൾ കണ്ടെത്താൻ തനിക്കു കഴിയുന്നതുവരെ, കൊച്ചു കുഞ്ഞുങ്ങളോടൊപ്പം തിരുവിതാംകൂറിൽ തന്റെ സഹോദരന്റെ കൂടെത്തന്നെ താമസിക്കാൻ രാമകൃഷ്ണപിള്ള തന്റെ ഭാര്യയെ പ്രേരിപ്പിച്ചു നോക്കുകയുണ്ടായി. എന്നാൽ അവരുടെ തീരുമാനം അചഞ്ചലമായിരുന്നു. സ്നേഹധനമായ തന്റെ ഭർത്താവിനെ ദുഃഖത്തിലും യാതനകളിലും, അനുഗമിക്കാൻ അവർ ദൃഢനിശ്ചയം ചെയ്തിരുന്നു.

മദിരാശിയിലെ ചെറിയൊരു വാടക വീട്ടിൽ അവരൊരു പുതിയ ജീവിതമാരംഭിച്ചു. ഇവിടെവെച്ചാണ് രാമകൃഷ്ണപിള്ള തന്റെ നാടുകടത്തലിനെക്കുറിച്ച് ഹൃദയസ്പൃക്കായ ഒരു വിവരണമെഴുതിയത്. ഇത് ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിക്കുകയുണ്ടായി. പത്രപ്രവർത്തനത്തെക്കുറിച്ച് ഒരു പുസ്തകവും അദ്ദേഹം എഴുതി. ഇന്നും ഈ വിഷയത്തിൽ മലയാളത്തിലുള്ള ഏതാനും നല്ല പുസ്തകങ്ങളിൽ ഒന്നാണ് ഇത്. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും പ്രയാസം നിറഞ്ഞ കാലഘട്ടങ്ങളിലൊന്നായിരുന്നത്.

“ഞങ്ങളുടെ കൈവശമുണ്ടായിരുന്നത് എന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ 200 രൂപയും ക്യാഷായി 90 രൂപയും മാത്രമായിരുന്നു. അതായിരുന്നു ഞങ്ങളുടെ മൂലധനം”. കല്യാണിയമ്മ ഓർമ്മിക്കുന്നു അവർക്ക് കൃത്യമായ വരുമാനമൊന്നുമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ പുസ്തകങ്ങളിൽ നിന്നു കിട്ടിയ റോയൽറ്റിക്കൊണ്ടാണ് ഞങ്ങൾ ജീവിച്ചത്. എന്നാൽ ചില പ്രസാധകർ അദ്ദേഹത്തെ വഞ്ചിച്ചിരുന്നു. ഏതാനും കൊച്ചുകുട്ടികൾക്കു ട്യൂഷൻ എടുത്തുകൊണ്ടു അവർ ഈ വരുമാനത്തെ പോഷിപ്പിച്ചു. ഒട്ടേറെ അഭ്യുദയകാംക്ഷികളും ആരാധകരും വിദ്യാർത്ഥികളും ബുദ്ധിജീവികളും എഴുത്തുകാരും സാധാരണക്കാരും അവരുടെ നേരെ സഹായഹസ്തങ്ങൾ നീട്ടുകയുണ്ടായി. പലരും തങ്ങളുടെ അതിഥികളായി താമസിക്കാൻ അവരെ ക്ഷണിച്ചു. ഏതാനും മാസങ്ങൾക്കുശേഷം രാമകൃഷ്ണപിള്ളയും കുടുംബവും മലബാറിലേക്ക് പോവുകയും ഒട്ടേറെ സുഹൃത്തുക്കളെയും ആരാധകരെയും സന്ദർശിക്കുകയും ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ കൃതികളുമായി പരിചയമുണ്ടായിരുന്ന പ്രസിദ്ധ ഗ്രന്ഥകർത്രി തരവത്ത് അമ്മാളുഅമ്മ പാലക്കാട്ടുള്ള തന്റെ വസതിയുടെ വാതിലുകൾ അദ്ദേഹത്തിനും കുടുംബത്തിനും മുമ്പിൽ തുറന്നുവെയ്ക്കുകയും അദ്ദേഹത്തെ തന്റെ സ്വന്തം മകനായി സ്വീകരിക്കുകയും ചെയ്തു. ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധിനേടിയ ചില പത്രികകളുടെ പത്രാധിപന്മാർ സഹകരണത്തിനും കൃതികൾക്കും വേണ്ടി അദ്ദേഹത്തെ സമീപിച്ചു. ദേശാഭിമാനി, ഗണനീയനായ ഒരെഴുത്തുകാരൻ, തീവ്രോത്സാഹിയായ ഒരു സാമൂഹ്യപരിഷ്കർത്താവ് എന്നീ നിലകളിലൊക്കെ ജനങ്ങൾ അദ്ദേഹത്തെ അംഗീകരിച്ചു. ചെന്നേടത്തെല്ലാം അദ്ദേഹത്തിനു വീരോചിതമായ വരവേല്പു ലഭിച്ചു. പാലക്കാടു ചേർന്ന ഒരു മഹിളാ സമ്മേളനത്തിൽ വച്ചു അദ്ദേഹത്തിന് ഒരു സ്വർണ്ണമുദ്രയും ‘സ്വദേശാഭിമാനി’ എന്ന ബഹുമതിയും നൽകപ്പെട്ടു. സമൂഹത്തോടുള്ള തന്റെ കടമകൾ നിർവഹിക്കുമ്പോൾ മാത്രമേ മനുഷ്യനു മനുഷ്യനായി ജീവിക്കാൻ കഴിയുകയുള്ളൂ എന്നും തന്റെ കഷ്ടപ്പാടുകളോർത്ത് തനിക്ക് തെല്ലും ഖേദമില്ലെന്നും അനന്തര ഫലങ്ങളെന്തായാലും താൻ തന്റെ കടമ നിർവ്വഹിക്കുമെന്നും ആ ചടങ്ങിലെ നിരവധി അഭിനന്ദിക്കുന്ന പ്രസംഗങ്ങൾക്ക് മറുപടിയായി അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി

താൻ സ്നേഹിച്ച നാട്ടിൽ നിന്നുള്ള അപ്രതീക്ഷിതമായ നാടുകടത്തൽ ആർക്കുവേണ്ടി ഒരു ദശക്കാലത്തോളം അചഞ്ചലമായി താൻ പോരാടിയോ ആ ജനങ്ങളിൽ നിന്നും തന്റെ ഏറ്റവുമടുത്ത ബന്ധുക്കളിൽ നിന്നുമുള്ള ഒറ്റപ്പെടൽ, തന്റെ ദിനപത്രത്തിന്റെയും പ്രസ്സിന്റെയും കണ്ടുകെട്ടൽ, വിലയേറിയ ഒരു ഗ്രന്ഥശേഖരമുൾപ്പെടെയുള്ള തന്റെ സമസ്ത സമ്പാദ്യങ്ങളുടെയും നഷ്ടം, തന്റെ നാടുകടത്തലിന്റെ ഞെട്ടൽ മൂലമുണ്ടായ അമ്മയുടെ പെട്ടെന്നുള്ള മരണത്തെ സംബന്ധിച്ച വാർത്ത, തന്റെ കുഞ്ഞിന്റെ അകാലചരമം, കൂടിവരുന്ന കടങ്ങളും കുറഞ്ഞുവരുന്ന വരുമാനവും തന്റെ തന്നെ ക്ഷയിച്ചുകൊണ്ടിരുന്ന ആരോഗ്യം, ഇവയെല്ലാം അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിരവധി മുറിവുകളുണ്ടാക്കി. ഈ ഘട്ടത്തിലാണ് ഒരു വിട്ടുവീഴ്ചക്ക് തയ്യാറാവുകയാണെങ്കിൽ ഔദ്യോഗികമായ അനുരഞ്ജനവും തിരുവിതാംകൂറിലേക്കു മടങ്ങാനുള്ള അനുവാദവും വാഗ്ദാനം ചെയ്തുകൊണ്ടു ഏതാനും സുഹൃത്തുക്കളും മധ്യസ്ഥന്മാരും അദ്ദേഹത്തെ സമീപിച്ചത്. ക്ഷമായാചനത്തെ സംബന്ധിച്ച എല്ലാ നിർദ്ദേശങ്ങളും അദ്ദേഹം ശക്തിപൂർവ്വം തള്ളിക്കളഞ്ഞു. താൻ തിരഞ്ഞെടുത്ത പാതയിൽ നിന്നും കൂടുതൽ മെച്ചപ്പെട്ട ഒരു സാമൂഹ്യവ്യവസ്ഥയ്ക്കുവേണ്ടിയുള്ള സമരത്തിന്റെയും ത്യാഗത്തിന്റേതുമായ പാതയിൽ നിന്നു തന്നെ വ്യതിചലിപ്പിക്കാൻ യാതൊന്നിനും സാധ്യമല്ല.

തന്റെ ഓർമ്മക്കുറിപ്പുകളിൽ അദ്ദേഹത്തിന്റെ ഭാര്യ അനുസ്മരിക്കുന്നു: “അദ്ദേഹത്തിന്റെ സമ്പാദ്യം മുഴവനും ദിനപത്രത്തിലും മാസികയിലും നിക്ഷേപിച്ചതായിരുന്നു. അവ കണ്ടുകെട്ടിയപ്പോൾ ഒന്നും അവശേഷിച്ചിരുന്നില്ല. കീശയിലുണ്ടായിരുന്ന ഒരു ഫൗണ്ടൻപേന മാത്രമേ അദ്ദേഹത്തെ എടുക്കാൻ അനുവദിച്ചിരുന്നുള്ളൂ. ആ ഒരു പേനയുടെ സഹായം കൊണ്ടുമാത്രം കാലയാപനം ചെയ്യാനായിരുന്നു അദ്ദേഹത്തിന്റെ വിധി”.

തന്റെ സാഹിത്യ-പത്രപ്രവർത്തനങ്ങൾ ഊർജ്ജസ്വലമായും സുദൃഢമായും തുടരാൻ ഈ പേന അദ്ദേഹം ഉപയോഗിച്ചു. ഏതാനും പുസ്തകങ്ങളും വിവിധ മാസികകൾക്ക് ഒട്ടേറെ ലേഖനങ്ങളും അദ്ദേഹമെഴുതി. ഈ കാലഘട്ടത്തിലാണ് ആത്മപോഷിണിയിൽ സോഷ്യലിസത്തെക്കുറിച്ചു അദ്ദേഹം ഒരു ലേഖന പരമ്പര എഴുതിയത്. ഈ ലേഖനത്തിൽ അദ്ദേഹം വിവിധരാജ്യങ്ങളിലെ സോഷ്യലിസത്തിന്റെ ഉത്ഭവത്തെയും വളർച്ചയെയും റോബർട്ട് ഓവൻ, സാൻ സീമോൻ, ഫൂറിയേ, ലൂയിബ്ലാങ്ക്, ബ്രൂധോൺ, ലെസൽ എന്നിവരുടെ സംഭാവനകളെയും വിശദീകരിക്കുകയും പാശ്ചാത്യ ചിന്തയിൽ സോഷ്യലിസത്തിനുള്ള സ്വാധീനത്തെ വിലയിരുത്താൻ ശ്രമിക്കുകയും ചെയ്തിരുന്നു. സോഷ്യലിസത്തെക്കുറിച്ചുള്ള ആ ലേഖന പരമ്പര പരമാർത്ഥത്തിൽ കാറൽ മാർക്സിന്റെ ജീവചരിത്രത്തിനു ഒരു ആമുഖമായിരുന്നു.

ഇതേ കാലഘട്ടത്തിൽ തന്നെയാണ് ഗാന്ധിജിയുടെ നേതൃത്വത്തിൽ ദക്ഷിണാഫ്രിക്കയിൽ നടന്നുവന്ന സമരം അദ്ദേഹത്തെ ആകർഷിച്ചത്. ഗാന്ധിജിയെക്കുറിച്ചും അദ്ദേഹത്തിന്റെ സമരങ്ങളെക്കുറിച്ചും അദ്ദേഹം എഴുതി. മഹാത്മാഗാന്ധിയെക്കുറിച്ചു ഈ രാജ്യത്തു പ്രസിദ്ധീകരിച്ച ഏറ്റവും ആദ്യത്തെ ജീവചരിത്ര ഗ്രന്ഥങ്ങളിലൊന്നായിരുന്നു അത്.

അദ്ദേഹത്തിന്റെ എഴുത്തു ഇടയ്ക്കിടെ രോഗത്താൽ തടസ്സപ്പെട്ടുകൊണ്ടിരുന്നു. രോഗം ക്ഷയമാണെന്നു കുറച്ചു കഴിഞ്ഞപ്പോൾ നിർണ്ണയിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഭാര്യയും സുഹൃത്തുക്കളും ആശങ്കാകുലരായിരുന്നു. ഡോക്ടർമാർ പരിപൂർണ്ണ വിശ്രമമെടുക്കാൻ അദ്ദേഹത്തെ ഉപദേശിച്ചു. “ഡോക്ടർമാർക്ക് എന്റെ ശാരീരികനില അറിയുമായിരിക്കും. എന്നാൽ എന്റെ മാനസികനില അവർക്കറിയില്ല”. അദ്ദേഹം ഭാര്യയെ സമാധാനിപ്പിച്ചു. “എനിക്ക് ജോലി ചെയ്യാതെ ജീവിക്കാനാവില്ല. എഴുതിക്കൊണ്ടുതന്നെ മരിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. എന്റെ വലതുകൈക്ക് ജീവനില്ലാതായാൽ ഞാൻ ഇടതുകൈകൊണ്ടെഴുതും. … എനിക്ക് അത്രയേറെ ചെയ്തുതീർക്കാനുണ്ട്”.

1915 ജനുവരിയിൽ രാമകൃഷ്ണപിള്ളയും കുടുംബവും കണ്ണൂരിലേക്ക് താമസം മാറ്റി. അവിടെ പെൺകുട്ടികൾക്കായുള്ള ഒരു വിദ്യാലയത്തിൽ കല്യാണിയമ്മ ജോലി സ്വീകരിച്ചു. വർഷാവസാനത്തോടെ അദ്ദേഹത്തിന്റെ സ്ഥിതി വഷളായിത്തീർന്നു. രോഗം മൂർച്ഛിച്ചിരുന്നപ്പോഴും അദ്ദേഹം എഴുത്തു തുടർന്നുകൊണ്ടേയിരുന്നു. എന്നാൽ അദ്ദേഹത്തിനു തന്റെ കൃതി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 1916 മാർച്ച് 28 നു അദ്ദേഹം മൃതിയടഞ്ഞു.

# 14.11

രാമകൃഷ്ണപിള്ള ജനങ്ങൾക്കു വേണ്ടി പൊരുതി, കഷ്ടപ്പെട്ടു, തന്റെ സർവ്വസ്വവും ത്യജിച്ചു. എന്നാൽ അദ്ദേഹത്തിന്റെ പോരാട്ടങ്ങളും കഷ്ടപ്പാടുകളും ത്യാഗവും വെറുതെയായില്ല. ഒന്നര ദശാബ്ദക്കാലത്തോളം അദ്ദേഹം പ്രചരിപ്പിച്ച ആശയങ്ങൾ അദ്ദേഹത്തോടൊപ്പം മരിച്ചില്ല. മറിച്ച ഫ്യൂഡലിസത്തിനും സാമ്രാജ്യത്വത്തിനുമെതിരായ സമരം നവവും ഉദാത്തവുമായ ഒരു ഘട്ടത്തിലെത്തിച്ചേർന്നു. കൂടുതൽ കൂടുതലാളുകൾ സ്വാതന്ത്ര്യം ജനാധിപത്യം സോഷ്യലിസം എന്നീ ആശയങ്ങളാൽ സ്വാധീനിക്കപ്പെടാൻ തുടങ്ങി.

രാമകൃഷ്ണപിള്ളയുടെ സാഹിത്യ-പത്രപ്രവർത്തനങ്ങൾ ലേഖനങ്ങളുടെയും, പ്രബന്ധങ്ങളുടെയും മുഖലേഖനങ്ങളുടെയും പുസ്തകനിരൂപണങ്ങളുടെയും ഏതാനും പുസ്തകങ്ങളുടെയും ഒരു പ്രവാഹത്തെത്തന്നെ ഉൾക്കൊള്ളുന്നു. അവയിൽ ചിലത് പഴക്കം വന്നവയും ഇക്കാലത്ത് പ്രസക്തിയില്ലാത്തവിധം സമകാലികവുമാണ്. എന്നാൽ ചിലവ ആശ്ചര്യകരമാംവിധം കാലപ്പഴക്കത്തെ ചെറുത്തു നിൽക്കുന്നു. ജനങ്ങളുടെ പരമാധികാരത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശയങ്ങളും ഉദ്യോഗസ്ഥ വൃന്ദത്തിന്റെ ഔദ്ധത്യത്തിനും കൈക്കൂലിക്കും അഴിമതിക്കും എതിരായ നിശിതമായ വിമർശനങ്ങളും ജനാധിപത്യത്തെയും സോഷ്യലിസത്തെയും കുറിച്ചുള്ള ലേഖന പരമ്പരയും സർവ്വോപരി, കാറൽമാർക്സിന്റെ ജീവചരിത്രവും സമകാലികമായ ചരിത്രപ്രാധാന്യത്തിലുമുയർത്തുന്ന സവിശേഷതയുള്ളവയാണ്. ജനതാൽപര്യങ്ങളോടുള്ള പ്രതിജ്ഞാബദ്ധതയും ആവേശവും നൽകി ഇന്നത്തെ തലമുറയെ പ്രചോദനം കൊള്ളിക്കാനുള്ള ശേഷിയും അവയ്ക്കുണ്ട്.

റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവത്തിനു അഞ്ചുവർഷം മുമ്പ് 1912 ആഗസ്റ്റ് ആദ്യവാരത്തിലാണ് അദ്ദേഹത്തിന്റെ മലയാളത്തിലുള്ള കാറൽമാർക്സിന്റെ ജീവചരിത്രം പ്രകാശിതമായത്. അതേവർഷം മാർച്ചിൽ "കാറൽമാർക്സ്: ഒരു ആധുനിക ഋഷി" എന്ന ഹരിദയാലിന്റെ ലേഖനം മോഡേൺ റിവ്യൂയിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. എന്നാൽ നമുക്കറിയാവുന്നിടത്തോളം മാർക്സിനെ സംബന്ധിച്ച് ഇന്ത്യൻ ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ട ആദ്യത്തെ പുസ്തകം രാമകൃഷ്ണപിള്ളയുടെ പഠനമാണ്.

പല വശങ്ങളിലും രണ്ടു ജീവചരിത്രങ്ങളും സമാനങ്ങളാണ്. ഒന്നുകിൽ രണ്ടെഴുത്തുകളും ഒരേ മൂലകൃതിയെ ആശ്രയിച്ചിരിക്കണം. അല്ലെങ്കിൽ രാമകൃഷ്ണപിള്ള നേരത്തെ പ്രത്യക്ഷപ്പെട്ട മോഡേൺ റവ്യൂ ലേഖനത്തെ ആശ്രയിച്ചിരിക്കണം എന്നു കരുതാനാണ് ഇരു പാഠങ്ങളുടെയും ഒരു താരതമ്യപഠനം പ്രേരിപ്പിക്കുന്നത്. രണ്ടാമത്തെ സാധ്യത സത്യമായിരിക്കാൻ കാരണങ്ങൾ കുറവാണ്. എന്തെന്നാൽ ഇവ രണ്ടും തമ്മിലുള്ള ഇടവേള ഏതാനും മാസങ്ങൾ മാത്രമാണെന്നതു തന്നെ. മാത്രമല്ല രാമകൃഷ്ണപിള്ള ബുഭുക്ഷുവായ ഒരു വായനക്കാരനുമായിരുന്നു. അദ്ദേഹം ഗ്രന്ഥശാലകളെ മാത്രമല്ല, വിദേശത്തു നിന്നും ലഭിച്ച പത്രങ്ങളും ഗ്രന്ഥങ്ങളും കൂടി ഉപയോഗപ്പെടുത്തിയിരുന്നു. ഏതായാലും പ്രകടമായ സാധർമ്മ്യങ്ങളുണ്ടെങ്കിലും രണ്ടു എഴുത്തുകാരുടെയും സമീപനങ്ങളിലുള്ള വ്യത്യാസം ശ്രദ്ധിക്കപ്പെടാതെ പോവില്ല. ശ്രേഷ്ഠമായ ഒരു ലക്ഷ്യത്തിനുവേണ്ടി യാതനകളനുഭവിച്ച മാർക്സിനെയും കുടുംബത്തെയും വാഴ്ത്തുന്ന ഹരിദയാൽ മാർക്സിന്റെ മൗലികാശയങ്ങളെ സ്ഖലിത പൂർണ്ണവും ഏകപക്ഷീയവും, ബുദ്ധിശൂന്യമെന്നു പോലും, വിശേഷിപ്പിച്ചുകൊണ്ടു തള്ളിക്കളയുകയാണ്. മാർക്സിന്റെ സിദ്ധാന്തങ്ങളെ സംബന്ധിച്ച സമ്പൂർണ്ണമായ അറിവില്ലായ്മയോളമെത്തുന്ന ധൈഷണിക ധാർഷ്ട്യത്തിന്റെ ഇത്തരം പ്രകടീഭാവങ്ങൾ രാമകൃഷ്ണപിള്ളയുടെ പുസ്തകത്തിൽ കാണുകയില്ല. അദ്ദേഹം മാർക്സിന്റെ ആശയങ്ങളെ വിശദീകരിച്ചത് അവയെ നിഷേധിക്കാനായിരുന്നില്ല. അവയെ മനസ്സിലാക്കാനും പ്രചരിപ്പിക്കാനുമായിരുന്നു. കാരണം സോഷ്യലിസ്റ്റുകളുടെ സിദ്ധാന്തങ്ങൾ "ഈ നാട്ടിലെ തൊഴിലാളികൾക്കിടയിൽ വേരൂന്നണമെന്ന്" അദ്ദേഹം ആഗ്രഹിച്ചിരുന്നു. ചരിത്രപരമായ ഭൗതികവാദത്തെയും വർഗ്ഗസമരത്തെയും മിച്ചമൂല്യത്തെയും സംബന്ധിച്ച മാർക്സിന്റെ സിദ്ധാന്തങ്ങളേക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വ്യാഖ്യാനവും കമ്മ്യൂണിസത്തിന്റെ സ്വഭാവത്തെപ്പറ്റി താൻ മനസ്സിലാക്കിയതെന്താണന്നതിനെ സംബന്ധിച്ചുള്ള സമാപന വചനങ്ങളും ജനങ്ങൾക്കിടയിലെ മർദ്ദിതരും, ചൂഷിതരുമായ വിഭാഗങ്ങൾക്കനുകൂലമായി ഇന്ത്യയിലെ സാമൂഹ്യസാമ്പത്തിക സാഹചര്യങ്ങളിൽ മൗലികമായ പരിവർത്തനങ്ങളുണ്ടാവാനുള്ള അദ്ദേഹത്തിന്റെ തീഷ്ണമായ അഭിവാഞ്ഛ പ്രകടമാക്കുന്നു.

എന്നാൽ പിള്ളയ്ക്ക് മാർക്സിസത്തെക്കുറിച്ച തികഞ്ഞ ഗ്രാഹ്യമുണ്ടായിരുന്നവെന്നോ ഇന്ത്യൻ യാഥാർത്ഥ്യത്തെ അപഗ്രഥിക്കുന്നതിൽ അതിനെ വിജയപ്രദമായി ഉപയോഗിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നുവെന്നോ ഇതു സൂചിപ്പിക്കുന്നില്ല. പക്ഷേ, അത് മനസ്സിലാക്കാവുന്നതേയുള്ളൂ. കാരണം മാർക്സിന്റെതന്നെ സ്വന്തം പുസ്തകങ്ങളധികവും ഇന്ത്യയിൽ ലഭ്യമല്ലാതിരുന്ന ഒരു കാലത്താണ് അദ്ദേഹം ജീവിച്ചതും പ്രവർത്തിച്ചതും. അദ്ദേഹത്തിനു മുഖ്യമായും പരോക്ഷ സ്രോതസ്സുകളെ ആശ്രയിക്കേണ്ടിവന്നിരുന്നു എന്നത് തികച്ചും സംഭാവ്യമാണ്.

മാർക്സിന്റെ പ്രധാന സൈദ്ധാന്തിക സങ്കൽപങ്ങളെ രാമകൃഷ്ണപിള്ള വിശദീകരിക്കുന്നത് ഒറ്റതിരിച്ചാണ്. ഒരു ഏകീകൃത സാകല്യമായിട്ടല്ല, ലൂക്കാച്ച് ചൂണ്ടിക്കാണിച്ചതുപോലെ മാർക്സിസത്തെ സംബന്ധിച്ചിടത്തോളം സാകല്യത്തിനാണു അംശങ്ങളേക്കാൾ പ്രാമുഖ്യം. ആകയാൽ സാകല്യത്തിൽനിന്നാണ് അംശങ്ങളെ അനുമാനിച്ചെടുക്കേണ്ടത്. അല്ലാതെ അംശങ്ങളിൽ നിന്നു സാകല്യത്തെയല്ല. മാർക്സ് എപ്പോഴും സാകല്യത്തെ ദർശിക്കുന്നത് ഒന്നുകൂടി സമഗ്രമായ ഒരു സമ്പൂർണ്ണതയുടെ മഹത്തായ ചരിത്രസാമൂഹ്യപ്രക്രിയയുടെ നിലപാടിൽ നിന്നുകൊണ്ടാണ്. അംശങ്ങളുടെ അമൂർത്തമായ വിവിക്തതയ്ക്കുപരി സാകല്യത്തിന്റെ ഏകതയുടെ, സമ്പൂർണ്ണതയുടെ നിരുപാധികമായ ഈ പ്രാമാണികത്വമാണ് മാർക്സിന്റെ സാമൂഹ്യ സിദ്ധാന്തത്തിന്റെ വൈരുദ്ധ്യാത്മക രീതിയുടെ സത്തയായി നിൽക്കുന്നത്.

ദാരിദ്ര്യം അടിമത്തം സാമൂഹ്യസംഘർഷങ്ങൾ എന്നിങ്ങനെയുള്ള സാമൂഹ്യമായ തിന്മകൾ ഭൂമിയിലും മറ്റു മണ്ഡലങ്ങളിലുമുള്ള സ്വകാര്യ ഉടമസ്ഥതയുടെ അനന്തരഫലങ്ങളാണെന്നും കമ്യൂണിസത്തിൻ കീഴിൽ സ്വകാര്യ സ്വത്തുണ്ടാവുകയില്ലെന്നും രാമകൃഷ്ണപിള്ള ശരിയായിത്തന്നെ അഭിപ്രായപ്പെടുന്നു. അദ്ദേഹം ഇങ്ങനെ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു "ഒന്നും എന്റേതല്ല, എല്ലാം സമൂഹത്തിന്റേതാണ്" എന്ന തത്വം നാമമാത്രമായി അംഗീകരിക്കുന്ന ഒരു സമൂഹത്തിൽ മാത്രമേ വിൽക്കലും വാങ്ങലും നിലനിൽക്കുന്നുള്ളൂ. ആകയാൽ നാം സ്വകാര്യസ്വത്ത് വേണ്ടെന്നു വച്ചുകഴിഞ്ഞാൽ പണത്തിന്റെ ആവശ്യവും അപ്രത്യക്ഷമാകുന്നു എന്നു വ്യക്തമാണ്". എന്നാൽ കമ്മ്യൂണിസ്റ്റുസമൂഹത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള ഈ അന്വേഷണത്തിൽ ചിന്താപരമായി ഉട്ടോപ്യനും സമത്വവാദപരവും അരാജകവാദപരവുമായ അംശങ്ങളുടെ നിറം കലർന്നിട്ടുണ്ടെന്നു ശ്രദ്ധിക്കേണ്ടതുമുണ്ട്. ഒരു പക്ഷേ ഇതിന്റെ കാരണം ചരിത്രപരമായും വൈരുദ്ധ്യാത്മകമായും മനുഷ്യസമൂഹവികാസത്തെ അപഗ്രഥിക്കുന്നതിൽ അദ്ദേഹത്തിനു സംഭവിക്കുന്ന വീഴ്ചയാണ്. ഉദാഹരണത്തിനു അദ്ദേഹമിങ്ങനെ എഴുതുന്നു: "അത്തരമൊരു ഭരണകൂടം സ്ഥാപിക്കുന്നതിന്റെ ഒന്നാമത്തെ ഉപാധി സ്വകാര്യസ്വത്തായി ഒന്നുംതന്നെ ജനങ്ങൾ ആഗ്രഹിക്കാൻ പാടില്ല എന്നതാണ്. എല്ലാ സ്വത്തും അവർ സമൂഹത്തിനായി നൽകണം; അതോടൊപ്പം പണവ്യവസ്ഥയും ഉപേക്ഷിക്കണം". കാരണം "പണത്തിന്റെ സഹായത്തോടെയാണു മൂലധനവ്യവസ്ഥ നിലനിൽക്കുന്നത്".

മാർക്സിന്റെ അഭിപ്രായത്തിൽ പണമെന്നത് "സ്വത്തിന്റെ ഏറ്റവുമധികം പൊതുവൽക്കരിക്കപ്പെട്ട രൂപ"മല്ലാതെ മറ്റൊന്നുമല്ല. മനുഷ്യാദ്ധ്വാനത്തിന്റെ ഉൽപന്നങ്ങളുടെ വിനിമയം സാമാന്യവൽകൃതമായ ഒരു പ്രതിഭാസമായിത്തീർന്നു. അതായത് വ്യാപാരവും വാണിജ്യവും വികസിക്കാൻ ആരംഭിച്ചു. സമൂഹവികാസത്തിന്റെ ആ പ്രത്യേക ഘട്ടത്തിലാണ് പണത്തോടുള്ള ആർത്തിയും സ്വകാര്യസ്വത്തിന്റെ സമാർജ്ജനവും പൊന്തിവരുന്നത്. മൂലധനത്തിൽ മാർക്സ് എഴുതി: "വിനിമയ മൂല്യം എന്ന നിലയിൽ ഒരു ചരക്കിലോ ഒരു ചരക്കെന്ന നിലയിൽ വിനിമയ മൂല്യത്തിനോ പിടിമുറുക്കാൻ കഴിയുമെന്നു വന്നതോടെ പണത്തിനോടുള്ള ആർത്തി ഉണരുകയായി. ചരക്കുകളുടെ വിതരണം വ്യാപിക്കുന്നതോടെ പണത്തിന്റെ ശക്തിയും വർദ്ധിക്കുന്നു".

ഉൽപാദിത വസ്തുക്കളിൽ ജനങ്ങളുടെ ആവശ്യം കഴിച്ച് ബാക്കിയുള്ളവ മാത്രമല്ല വ്യാവസായികോൽപന്നം അപ്പാടെതന്നെ വാണിജ്യത്തിന്റെ അധീനതയിൽ ചെന്നെത്തുമ്പോൾ "ഒഴിച്ചുകൂടാത്തവ"യെന്നു ജനങ്ങൾ മുമ്പു കരുതിയിരുന്ന വസ്തുക്കൾപോലും വിനിമയത്തിനും വിലപേശലിനുമുള്ള വസ്തുക്കളായി മാറുന്നു. അവ ശരിക്കും വിറ്റഴിക്കപ്പെടുകയും ചെയ്യുന്നു. അതുവരെ കൈമാറ്റം ചെയ്യപ്പെട്ടിരുന്നെങ്കിലും വിനിമയം ചെയ്യപ്പെടാതിരുന്ന, നൽകപ്പെട്ടിരുന്നെങ്കിലും വിൽക്കപ്പെട്ടിരുന്നില്ലാത്ത, ആർജ്ജിക്കപ്പെട്ടിരുന്നെങ്കിലും വിലക്കു വാങ്ങപ്പെട്ടിരുന്നില്ലാത്ത, നന്മ, സ്നേഹം, അഭിപ്രായങ്ങൾ, ശാസ്ത്രം, മനഃസാക്ഷി തുടങ്ങിയവപോലും വാണിജ്യത്തിന്റെ മേഖലയിലേക്കു പ്രവേശിക്കുകയായി. വൻതോതിലുള്ള അഴിമതിയുടെയും സാർവത്രികമായ ദുരയുടേയും കാലഘട്ടമായിരുന്നു ഇത്. അല്ലെങ്കിൽ അർത്ഥശാസ്ത്ര സങ്കേതങ്ങളുപയോഗിച്ചു പറഞ്ഞാൽ, ആത്മീയവും ഭൗതികവുമായതെല്ലാം ഒരു വിൽപനചരക്കായി മാറുന്നു. മൂല്യപരിശോധനയ്ക്കും ശരിയായ വില നിർണ്ണയത്തിനുംവേണ്ടി അങ്ങാടിയിലേക്ക് കൊണ്ടുപോകപ്പെടുന്ന കാലഘട്ടമാണിത്".

ബൂർഷ്വാസി "മനുഷ്യനും മനുഷ്യനും തമ്മിൽ, പ്രാകൃതമായ സ്വാർത്ഥ താൽപര്യവും വികാരരഹിതവുമായ പണം കൈമാറ്റവുമല്ലാത്ത മറ്റു യാതൊരു കെട്ടുപാടുകളും അവശേഷിപ്പിച്ചിട്ടില്ല". മാർക്സ് അഭിപ്രായപ്പെട്ടു "ധർമ്മതീഷ്ണതയെയും വീരോചിതമായ സാഹസിക ബുദ്ധിയേയും മാനുഷിക വികാരങ്ങളെയും സ്വാർത്ഥാധിഷ്ഠിതമായ കണക്കുകൂട്ടലിന്റെ തണുത്ത നീരൊഴുക്കിൽ അത് മുക്കിക്കൊന്നിരിക്കുകയാണ്". മുതലാളിത്തത്തിന്റെ സ്വകാര്യ സ്വത്തുടമാ വ്യവസ്ഥയിൻ കീഴിൽ മനുഷ്യന്റെ ഒരേയൊരു ആവശ്യം പണമാണെന്നും പണത്തിന്റെ ആവശ്യത്തിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച "മനുഷ്യൻ മനുഷ്യനെന്നനിലയിൽ നാൾതോറും കൂടുതൽ കൂടുതൽ ദരിദ്രനായിക്കൊണ്ടിരിക്കുന്നു" എന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി.

ഇന്ത്യയിൽ പണത്തിന്റെ ആധിപത്യത്തോടൊപ്പം ലളിതസുന്ദരമായിരുന്ന ഗ്രാമീണ സമ്പദ്ഘടന ക്ഷയിക്കുകയും ജീർണ്ണിക്കുകയും ചെയ്തു. ചരക്കുൽപാദനത്തിന്റെ നിർദേശത്താലും പഴയ തദ്ദേശീയ സ്വയം പര്യാപ്തതയ്ക്കു പകരം വാണിജ്യപരമായ കൊള്ളക്കൊടുക്ക പ്രതിഷ്ഠിക്കപ്പെട്ടതിനാലുമാണ് ആ സമ്പദ്ഘടന തകർന്നു തരിപ്പണമായത്. യൂറോപ്പിൽ മുതലാളിത്തത്തിന്റെ വികാസം ഒരു ആഗോളവിപണിയുടെ ആവിർഭാവത്തിനു വഴിയൊരുക്കുകയും പോർത്തുഗീസ്, ഡച്ച്, ഫ്രഞ്ച്, ബ്രിട്ടീഷ് വ്യാപാരികൾ രാഷ്ട്രാന്തരീയ വ്യാപാരത്തിനായി ഇന്ത്യയുടെ വാതിലുകൾ തുറന്നിടുകയും ചെയ്തപ്പോൾ പണം വർദ്ധമാനമായ തോതിൽ വ്യക്തികളുടെയെന്നപോലെ രാജ്യങ്ങളുടെയും സമ്പത്തിന്റെ സൂചകമായിത്തീർന്നു. ഈ കാലഘട്ടത്തിലാണ് ഉപരിതലവർഗ്ഗങ്ങളുടെ മാനസിക ലോകത്തിൽ പണം മുഖ്യചോദകമായിത്തീർന്നത്. സമൂഹത്തിലെ പുതിയ വിഭജനം സൃഷ്ടിച്ച അന്യത്വബോധത്തെക്കുറിച്ചും, മനുഷ്യബന്ധങ്ങളെ വികൃതമാക്കുകയും "മാനുഷികവും നൈസർഗ്ഗികവുമായ എല്ലാ ഗുണവിശേഷങ്ങളെയും ദരിദ്രമാക്കുക"യും ചെയ്തു ചരക്ക്-പണ വിനിമയത്തെക്കുറിച്ചും ഇന്ത്യയിലെ വിവിധ ഭാഷകളിലെ പുരോഗമനാശയക്കാരായ എഴുത്തുകാർ ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. പണത്തെ 'കഥ' യിലെ വില്ലനായും മനുഷ്യന്റെ ദൈന്യതയുടെയും അവമതിയുടെയും അസൂയയുടെയും വിദ്വേഷത്തിന്റെയും മുഖ്യകാരണമായുമാണ് കവികളും നോവലിസ്റ്റുകളും ചിത്രീകരിച്ചത്. രാമകൃഷ്ണപിള്ളയും ഈ മിഥ്യാബോധത്തിൽ നിന്നും വിമുക്തനായിരുന്നില്ല എന്നു തോന്നുന്നു. തന്റെ കാലത്തിന്റെ പരിമിതികൾക്കതീതമായി ഉയരാൻ അദ്ദേഹത്തിന്റെ ആശയങ്ങൾക്ക് കഴിഞ്ഞില്ല. വിശാലമായ അർത്ഥത്തിൽ അവ സിദ്ധമായ ചരിത്ര പശ്ചാത്തലത്താൽ രൂപപ്പെടുത്തപ്പെട്ടവനായിരുന്നു.

തൊഴിലാളികളുടെയും കൃഷിക്കാരുടെയും കാർഷിക തൊഴിലാളികളുടെയും കരകൗശല ജോലിക്കാരുടെയും വർദ്ധിച്ചുവരുന്ന ദാരിദ്ര്യവും ദൈന്യതയും രാമകൃഷ്ണപിള്ളയെ വികാരാധീനനാക്കി. പട്ടിണി കിടക്കുമ്പോൾ സുഖഭോഗങ്ങളിൽ ആർത്തുല്ലസിക്കുകയും അഴിമതിയിലും കൈക്കൂലിയിലും മുഴുകുകയും ചെയ്യുന്ന സമ്പന്നരുടെ ഹൃദയശൂന്യത അദ്ദേഹത്തെ ക്ഷോഭിപ്പിച്ചു. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ താൽപര്യങ്ങൾക്കു വേണ്ടി അദ്ദേഹം വാദിച്ചു: അവരുടെ സമരങ്ങളെ അഭിവാദ്യം ചെയ്തു. അവരുടെ ആവശ്യങ്ങൾക്ക് പിന്തുണ നൽകി. അദ്ദേഹം കർഷകരുടെ ആവശ്യങ്ങളെ ന്യായീകരിക്കുകയും, അമിതമായ നികുതി ചുമത്തലിനും ഉദ്യോഗസ്ഥമേധാവിത്വത്തിനും പോലീസു മർദ്ദനത്തിനും എതിരായി പട പൊരുതുകയും ചെയ്തു. തങ്ങളുടെ ആന്തരിക ശക്തിയെക്കുറിച്ചുള്ള ബോധം ജനങ്ങളിലുണർത്താൻ അദ്ദേഹം ശ്രമിച്ചു. ചരിത്രപരമായ പരിമിതികൾ വെച്ചുകൊണ്ടുതന്നെ നവോദയ പ്രസ്ഥാനത്തിന്റെ അഗ്രഗാമികളിലൊരാളായിരുന്നു അദ്ദേഹം. ഇന്ത്യയിൽ സോഷ്യലിസം സ്ഥാപിക്കുന്നതിനു വേണ്ടി ശരിക്കും ജനങ്ങൾക്കിടയിൽ നിന്നുകൊണ്ടു അവരുടെ ഭാഷയിൽ വാദിച്ച ആദ്യ വക്താക്കളിൽ ഒരാൾ.

തൊഴിലാളിവർഗ്ഗം ഒരു സംഘടിത ശക്തിയായി രംഗപ്രവേശം ചെയ്തു കഴിഞ്ഞിട്ടില്ലാത്ത പ്രാങ് മുതലാളിത്തപരമായ സാമൂഹ്യ ബന്ധങ്ങളും ആശയങ്ങളും ആധിപത്യം നിലനിർത്തിയിരുന്ന സാഹചര്യങ്ങളിൽ വ്യവസായിക തൊഴിലാളികൾ സാമൂഹ്യ പരിവർത്തനത്തിനുള്ള ഏറ്റവും വിപ്ലവാത്മകമായ ഘടകമാണെന്നു കാണാൻ കഴിയുന്ന അവസ്ഥയിലായിരുന്നില്ല അദ്ദേഹം. മർദ്ദകരും, മർദ്ദിതരുമെന്ന വിരുദ്ധ വർഗ്ഗങ്ങൾ തമ്മിൽത്തമ്മിൽ ചിലപ്പോൾ ഒളിഞ്ഞും ചിലപ്പോൾ തെളിഞ്ഞും ചരിത്രത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ അവിരാമമായ പോരാട്ടങ്ങൾ നടത്തി പോന്നിട്ടുണ്ടെന്ന വിശദീകരിക്കാനായി അദ്ദേഹം കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലെ ഒരു ഖണ്ഡിക ഉദ്ധരിച്ചിട്ടുണ്ടെന്നത് നേരുതന്നെ. "ഈ വർഗ്ഗ സംഘട്ടനങ്ങളാണ് ലോകത്തിലെ മാറ്റങ്ങളുടെ ചാലക ശക്തി" യെന്ന മാർക്സിസ്റ്റ് അഭിപ്രായം പോലും അദ്ദേഹം ആദരപൂർവ്വം ഉദ്ധരിക്കുന്നുണ്ട്. എന്നാൽ ഇത് വർഗ്ഗസമരത്തെക്കുറിച്ചുള്ള മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെ ഭാഗികമായ ഒരു വിശദീകരണം മാത്രമാണ്. സത്യത്തിൽ, ചരിത്രത്തിലെ വർഗ്ഗങ്ങളെയും വർഗ്ഗസമരങ്ങളെയും കുറിച്ചുള്ള കണ്ടെത്തൽ സൂക്ഷ്മാർത്ഥത്തിൽ മാർക്സിന്റെ ഒരു സംഭാവനയല്ല. അത്തരം ആശയങ്ങൾ മാർക്സിനു മുമ്പും നിലനിന്നിരുന്നു. വേഡ്മെയർക്കുള്ള ഒരു കത്തിൽ മാർക്സു തന്നെ എഴുതുകയുണ്ടായി:

> "... ആധുനിക സമൂഹത്തിലെ വർഗ്ഗങ്ങളുടെ അസ്തിത്വത്തെയും അവ തമ്മിലുള്ള സംഘട്ടനത്തെയും കണ്ടെത്തിയതിനുള്ള യോഗ്യത എനിക്ക് അവകാശപ്പെട്ടതല്ല. എനിക്ക് എത്രയോ മുമ്പുതന്നെ ബൂർഷ്വാ ചരിത്രകാരന്മാർ ഈ വർഗ്ഗസമരത്തിന്റെ ചരിത്രപരമായ വികാസവും ബൂർഷ്വാ ധനശാസ്ത്രജ്ഞന്മാർ വർഗ്ഗങ്ങളുടെ സാമ്പത്തികമായ അവയവ ഘടനയും വിവരിച്ചിട്ടുണ്ട്. പുതുതായി ഞാൻ ചെയ്തത് (1) വർഗ്ഗങ്ങളുടെ അസ്തിത്വം ഉൽപാദനവളർച്ചയിലെ ചില നിശ്ചിത ചരിത്രഘട്ടങ്ങളുമായി മാത്രം ബന്ധപ്പെട്ടു കിടക്കുന്നു എന്നുമാത്രം (2) വർഗ്ഗസമരം അവശ്യമായും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിലേക്ക് നയിക്കുമെന്നും (3) ഈ സർവ്വാധിപത്യം തന്നെയാണ് വർഗ്ഗങ്ങളുടെ നിർമ്മാർജ്ജനത്തിലേക്കും വർഗ്ഗരഹിത സമൂഹത്തിലേക്കുമുള്ള സംക്രമണ ഘട്ടമായിത്തീരുകയെന്നും തെളിയിച്ചതാണ്".

സ്വാതന്ത്ര്യം, ജനാധിപത്യം, ജനങ്ങളുടെ പരമാധികാരം എന്നിവയെക്കുറിച്ചാണു രാമകൃഷ്ണപിള്ളയ്ക്കുണ്ടായിരുന്ന പുരോഗമനാശയങ്ങൾ. തിരുവിതാംകൂർ മഹാരാജാവിന്റെ അനുകൂലപക്ഷക്കാരുടെയും ബ്രിട്ടീഷ് കൊളോണിയലിസ്റ്റുകളുടെയും കപടമായ അവകാശവാദങ്ങളെ തുറന്നു കാണിക്കാൻ തീർച്ചയായും സഹായിക്കുകയുണ്ടായി. എന്നാൽ ആ ആശയങ്ങൾക്ക് മാർക്സിന്റേതിനേക്കാൾ ഫ്രഞ്ചുവിപ്ലവത്തിന്റെയും അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെയും നായകന്മാരുടെ സിദ്ധാന്തങ്ങളോടായിരുന്നു അടുപ്പം. ജനാധിപത്യവിപ്ലവവും സോഷ്യലിസ്റ്റ് വിപ്ലവവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ള ആദ്യത്തേത് രണ്ടാമത്തേതിലേക്ക് സംക്രമിക്കുമെന്നതിനെപ്പറ്റിയുള്ള മാർക്സിസ്റ്റ് വീക്ഷണം അദ്ദേഹത്തിനു മനസ്സിലായിരുന്നില്ല. ജനാധിപത്യത്തിന്റെയും ജനങ്ങളുടെ പരമാധികാരത്തിന്റെയും സംസ്ഥാപനത്തെ മാർക്സ് അനുകൂലിച്ചത് എല്ലാതരം വർഗ്ഗചൂഷണത്തെയും രാഷ്ട്രീയാധികാരത്തിന്റെ രൂപങ്ങളെയും നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയ സാമൂഹ്യവിപ്ലവത്തിലേക്കുള്ള ഒരു ചുവടുവയ്പ്പ് എന്ന നിലയിലാണ്. തന്റെ സിദ്ധാന്തത്തെ അദ്ദേഹം ഇങ്ങനെ വിശദീകരിച്ചു.

> "അതിന്റെ വികാസഗതിയ്ക്കിടയിൽ തൊഴിലാളിവർഗ്ഗം പഴയ ബൂർഷ്വാസമൂഹത്തിനു പകരം വർഗ്ഗങ്ങളും വർഗ്ഗസംഘടനകളും അജ്ഞാതമായിത്തീരുന്ന ഒരു സഹയോഗത്തെ പ്രതിഷ്ഠിക്കും. രാഷ്ട്രീയാധികാരം ബൂർഷ്വാ സമൂഹത്തിലെ വൈരുദ്ധ്യത്തിന്റെ ഔപചാരികമായ പ്രകാശമാണെന്നു അറിയുന്നതിനാൽ രാഷ്ട്രീയാധികാരം എന്നൊന്നു ആ പദപ്രയോഗത്തിന്റെ നിഷ്കൃഷ്ടമായ അർത്ഥത്തിൽ പിന്നീടു നിലനിൽക്കുകയില്ല".

ആകയാൽ മാർക്സിന്റെ അഭിപ്രായത്തിൽ ബൂർഷ്വാസിയുടെ രാഷ്ട്രീയാധികാരത്തിനു പകരം തൊഴിലാളി വർഗ്ഗത്തിന്റെ രാഷ്ട്രീയാധികാരത്തെ പ്രതിഷ്ഠിക്കുക എന്നു വെച്ചാൽ എല്ലാതരം രാഷ്ട്രീയാധികാരത്തിനും വിരാമമിടാനുള്ള ഒരു മാർഗ്ഗം എന്നല്ലാതെ മറ്റൊന്നുമല്ല. കമ്മ്യൂണിസ്റ്റു മാനിഫെസ്റ്റോയിൽ അദ്ദേഹമെഴുതി:

> "സാമൂഹ്യവിപ്ലവത്തിന്റെ ഗതിക്കിടയിൽ വർഗ്ഗവ്യത്യാസങ്ങൾ അപ്രത്യക്ഷമാവുമ്പോൾ, എല്ലാ ഉൽപാദനപ്രവർത്തനങ്ങളും കൂട്ടുൽപാദകരുടെ കൈകളിൽ കേന്ദ്രീകരിക്കുമ്പോൾ, പൊതു അധികാരകേന്ദ്രത്തിനു അതിന്റെ രാഷ്ട്രീയ സ്വഭാവം നഷ്ടപ്പെടും. സൂക്ഷ്മമായി പറഞ്ഞാൽ രാഷ്ട്രീയാധികാരമെന്നത് ഒരു വർഗ്ഗത്തെ ചൊല്പടിക്കു നിർത്താൻ മറ്റൊരു വർഗ്ഗം ഉപയോഗിക്കുന്ന സംഘടിത ശക്തിയാണ്. ബൂർഷ്വാസിക്കെതിരായ സമരത്തിനിടയിൽ ഒരു വിപ്ലവത്തിലൂടെ തൊഴിലാളിവർഗ്ഗം അനിവാര്യമായും ശക്തി സമാഹരിച്ചു ഒരു വർഗ്ഗമായി മാറുമ്പോൾ, അതു സ്വയം ഭരണാധികാരി വർഗ്ഗമായിത്തീരുകയും പഴയ ഉൽപാദന വ്യവസ്ഥയെ തൂത്തെറിയുകയും ചെയ്യുന്നു. അതോടൊപ്പം വർഗ്ഗസംഘട്ടനങ്ങൾ നിലനിൽക്കുന്ന വ്യവസ്ഥയെത്തന്നെയും അത് തൂത്തെറിയുന്നു. വർഗ്ഗങ്ങളുടെ അന്ത്യം കുറിക്കുന്നു. അങ്ങനെ ഒരു വർഗ്ഗമെന്ന നിലയിലുള്ള സ്വന്തം ഭരണത്തെയും നിർമ്മാർജ്ജനം ചെയ്യുന്നു. വർഗ്ഗങ്ങളും വർഗ്ഗസംഘട്ടനങ്ങളും നിലനിൽക്കുന്ന പഴയ ബൂർഷ്വാസമൂഹത്തിനു പകരം ഓരോ വ്യക്തിയുടെയും സ്വതന്ത്രമായ വളർച്ച എല്ലാവരുടെയും സ്വതന്ത്രമായ വളർച്ചയിലേക്കു നയിക്കുന്ന ഒരു സഹയോഗം സ്ഥാപിക്കപ്പെട്ടു".

മാർക്സിന്റെ ലക്ഷ്യമിതായിരുന്നു: കമ്മ്യൂണിസത്തിന്റെ പ്രാധാന്യവുമിതാണ്. മർദ്ദകരിൽ നിന്നും, ചൂഷകരിൽ നിന്നും, ഉദ്യോഗസ്ഥ പ്രഭുക്കന്മാരിൽ നിന്നും ഏകാധിപതികളിൽ നിന്നും വിമുക്തമായ മാനസിക സമൂഹത്തിലെ സ്വതന്ത്രവും അനിയന്ത്രിതവുമായ വൈയക്തിക വികാസമാണ് എല്ലാവരുടേയും സ്വതന്ത്രമായ വികാസത്തിനുള്ള ഉപാധി. മനുഷ്യന്റെ ലക്ഷ്യം മനുഷ്യർ തന്നെയാണ്. മഹാഭാരതത്തിൽ ഭീഷ്മർ പറയുന്നതുപോലെ "ന മനുഷ്യത് ശ്രേഷ്ഠതരം നികിഞ്ചിത്"— "മനുഷ്യനെക്കാൾ മഹത്തായ മറ്റൊന്നില്ല".

രാമകൃഷ്ണപിള്ളയുടെ പരിമിതികളെക്കുറിച്ചുള്ള പരാമർശനം മാർക്സിസത്തെക്കുറിച്ച് മൊത്തത്തിലുള്ള അദ്ദേഹത്തിന്റെ ധാരണകളെയോ അതിലേക്ക് അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകളെയോ ബാധിക്കുന്നതല്ല. സോഷ്യലിസം, ജനാധിപത്യം, സ്വാതന്ത്ര്യം എന്നിവയുടെ സാക്ഷാത്കാരത്തിനുവേണ്ടി പുത്തൻ ആശയങ്ങൾ കരുപ്പിടിപ്പിക്കുന്നതിൽ അദ്ദേഹം നൽകിയിട്ടുള്ള പ്രാഥമികമായ സംഭാവനകളിലൂടെ കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയുടെ ചരിത്രത്തിൽത്തന്നെ രാമകൃഷ്ണപിള്ളയ്ക്ക് സമുചിതമായ സ്ഥാനം ലഭിച്ചിട്ടുണ്ട്.

രാഷ്ട്രീയ മർക്കട മുഷ്ടിയിലും ആശയങ്ങളുടെ സ്ഥിരതയിലും അദ്ദേഹം ജന്മിത്വത്തിനും ഏകാധിപത്യവാഴ്ചയ്ക്കുമെതിരായി നിരവധി നാട്ടുരാജ്യങ്ങളിൽ സമരം ചെയ്തിരുന്ന സമകാലീന സമരസേനാനികളിൽ അതുല്യനായിരുന്നു. തിരുവിതാംകൂറിലെ ഒരു പ്രജയെന്ന നിലയ്ക്ക് രാജവാഴ്ചയ്ക്കെതിരായി ഉറച്ചു നിൽക്കുന്നതിനും, അന്ന് നടമാടിയിരുന്ന കുറ്റകൃത്യങ്ങളുടെ കലവറയായ ദുർഭരണത്തെ തുറന്നു കാണിക്കുന്നതിനും അദ്ദേഹം അചഞ്ചലവും ധീരവുമായ നിലപാടാണ് സ്വീകരിച്ചത്. ഈ ദുസ്ഥിതിക്ക് ഒരു പരിഹാരമെന്ന നിലയ്ക്ക് അക്കാലത്ത് പൂർണ്ണമായും നിഷേധിക്കപ്പെട്ടിരുന്ന സാമൂഹ്യവും ജനാധിപത്യപരവുമായ അവകാശങ്ങൾക്കുവേണ്ടി അദ്ദേഹം ശക്തിയായി വാദിച്ചു. ക്രൂരമായ ഏകാധിപത്യ വ്യവസ്ഥയിൽ ജനാധിപത്യാവകാശങ്ങൾക്കു വേണ്ടി സമരം ചെയ്യുകയെന്ന ദുഷ്കരമായ കൃത്യനിർവ്വഹണത്തിലൂടെ അദ്ദേഹം സ്വയം മഹത്തായ ഒരു ത്യാഗമാണ് ചെയ്തത്. തൽഫലമായി അദ്ദേഹത്തിനും കുടുംബത്തിനും നേരിടേണ്ടി വന്ന ഹൃദയഭേദകമായ ദുരന്തം മാർക്സിനും കുടുംബത്തിനും രാജ്യഭ്രഷ്ടകാലത്തുണ്ടായ വേദനാജനകങ്ങളായ അനുഭവങ്ങളുടെ സ്മരണകൾ ഉണർത്തുവാൻ പര്യാപ്തമാണ്. രാമകൃഷ്ണപിള്ളയുടെ ലളിത ജീവിതം അദ്ദേഹം നൽകിയിട്ടുള്ള മഹത്തായ സംഭാവനകൾ, വിശ്രമരഹിതമായ പ്രവർത്തനങ്ങൾ എന്നിവ കേരളത്തിലെ ജനങ്ങൾ എത്രമാത്രം ബഹുമാനത്തോടും കൃതജ്ഞതയോടും കൂടിയാണ് ഉൾക്കൊണ്ടിരിക്കുന്നതെന്നുള്ളതിന്റെ ഉത്തമദൃഷ്ടാന്തമാണ് അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ 'സ്വദേശാഭിമാനി' എന്ന ബഹുമതി നൽകി അദ്ദേഹത്തെ ആദരിച്ചത്.

എന്നാൽ രാമകൃഷ്ണപിള്ള സങ്കുചിത ചിന്താഗതിക്കാരനായ ഒരു മലയാളി ദേശാഭിമാനിയായിരുന്നില്ല. അന്നത്തെ ബ്രിട്ടീഷ് ഇന്ത്യയിൽ നടന്നുകൊണ്ടിരുന്ന സാമ്രാജ്യവിരുദ്ധ സ്വാതന്ത്ര്യസമരത്തെ സശ്രദ്ധം വീക്ഷിക്കുകയും അതിന്റെ സന്ദേശങ്ങൾ വിപുലമായി പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ അദ്ദേഹം സജീവമായ താൽപര്യം പുലർത്തിയിരുന്നു. മാത്രവുമല്ല, ബ്രിട്ടീഷ് സാമ്രാജ്യത്വവും രാജവാഴ്ചയും തമ്മിലുള്ള ബന്ധവും അതുപോലെത്തന്നെ തിരുവിതാംകൂറിൽ ജനാധിപത്യാവകാശങ്ങൾക്കു വേണ്ടി നടക്കുന്ന സമരവും ഇന്ത്യയുടെ വിമോചനത്തിനുവേണ്ടി ബ്രിട്ടീഷ് ഭരണകൂടത്തിനെതിരായി നടക്കുന്ന ദേശീയ സ്വാതന്ത്ര്യസമരവും തമ്മിലുള്ള ബന്ധവും അദ്ദേഹത്തിന് സംശയലേശമെന്യേ വ്യക്തമായിരുന്നു. ഇക്കാര്യങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന ദീർഘവീക്ഷണവും അസാമാന്യമായ അറിവും അദ്ദേഹത്തിന്റെ ഔന്നത്യത്തിന് മാറ്റുകൂട്ടുന്നവയാണ്".

ഇത്രയും പറഞ്ഞതുകൊണ്ടുമാത്രം ചിത്രം പൂർണ്ണമാകുന്നില്ല. അദ്ധ്വാനിക്കുന്ന ജനങ്ങളോടും അവശ വിഭാഗങ്ങളോടും അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹം അഗാധമായിരുന്നു. അതുപോലെത്തന്നെ പാവപ്പെട്ടവരെ ചൂഷണം ചെയ്തിരുന്ന സമ്പന്ന വർഗ്ഗങ്ങളോടുള്ള അദ്ദേഹത്തിന്റെ വെറുപ്പ് അതിതീഷ്ണവും ഒരിക്കലും അടങ്ങാത്തതുമായിരുന്നു. തന്മൂലം അദ്ധ്വാനിക്കുന്ന ജനങ്ങൾക്ക് സ്വാതന്ത്ര്യവും ശോഭനമായ ഭാവിയും ഉറപ്പ നൽകുന്ന ഫലപ്രദമായ മാർഗ്ഗങ്ങൾ ആരായുന്നതിൽ അദ്ദേഹം സദാ ജാഗരൂകനായിരുന്നു. അദ്ദേഹത്തിന്റെ ഉൽക്കടമായ ഈ അഭിനിവേശം സോഷ്യലിസത്തെക്കുറിച്ചുള്ള ഗഹനമായ പഠനത്തിന് അദ്ദേഹത്തിന് പ്രചോദനം നൽകി. അതിനുവേണ്ടി സോഷ്യലിസ്റ്റ് ചിന്തകളെക്കുറിച്ച് ബ്രിട്ടീഷ് കോളനി വ്യവസ്ഥയിൽ കഴിയുന്ന ഒരു രാജ്യത്ത് ലഭ്യമാകുമായിരുന്ന എല്ലാ പ്രസിദ്ധീകരണങ്ങളും അദ്ദേഹം സമ്പാദിച്ച് സമഗ്രമായ പഠനം നടത്തി. അങ്ങിനെ മാർക്സിനെക്കുറിച്ചും അദ്ദേഹത്തിന്റെ തത്വസംഹിതകളെക്കുറിച്ചും രാമകൃഷ്ണപിള്ള മനസ്സിലാക്കാനിടയാകുന്നതും തൽഫലമായി ഇപ്പോൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാൻ പോകുന്ന ലഘുലേഖ അദ്ദേഹം അന്ന് തയ്യാറാക്കി പ്രചരിപ്പിക്കുകയും ചെയ്തു. ഇക്കാര്യങ്ങളിലുള്ള അദ്ദേഹത്തിന്റെ സമീപനം തികച്ചും പ്രശംസാർഹമാണെങ്കിലും മാർക്സിസത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ധാരണകൾ അപൂർണ്ണവും പരിമിതികളുള്ളതുമായിരുന്നുവെന്ന് നമുക്ക് കാണാൻ കഴിയും. മാർക്സിന്റെ ജീവചരിത്രവും തത്വസംഹിതകളും പഠിച്ച കാലത്ത് അദ്ദേഹത്തിന് ലഭ്യമായിരുന്ന വസ്തുതകൾ അപൂർണ്ണവും അവ്യക്തത നിറഞ്ഞതുമായിരുന്നു. എങ്കിലും കാര്യങ്ങൾ വായനക്കാരെ മനസ്സിലാക്കാൻ അദ്ദേഹം ശ്രമിച്ചു. ഇന്ത്യയിൽ അക്കാലത്ത് സോഷ്യലിസ്റ്റ് ചിന്തകൾ ജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കുന്നതിന് രാമകൃഷ്ണപിള്ളയുടെ പ്രവർത്തനം മുഖ്യമായ ഒരു പങ്ക് വഹിച്ചിരുന്നുവെന്നതിൽ യാതൊരു സംശയവുമില്ല.

രാമകൃഷ്ണപിള്ളയുടെ നാടുകടത്തലിനു ശേഷം തിരുവിതാംകൂറിലെ ഭീകരമായ ഏകാധിപത്യ രാജവാഴ്ചക്കാലത്തു അദ്ദേഹത്തിന്റെ നാമം അടക്കിയ സ്വരത്തിൽ മാത്രമേ ജനങ്ങൾ ഉച്ചരിച്ചിരുന്നുള്ളൂ. അദ്ദേഹത്തിന്റെ എല്ലാ കൃതികളും പൊടുന്നവനേ അപ്രത്യക്ഷമായി. 1920 ലും 1930 ലും രാജ്യമൊട്ടാകെ ഉയർന്നുവന്ന ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിലൂടെ ഉരുത്തിരിഞ്ഞുവന്ന പുതിയ തലമുറ, സാമ്രാജ്യവിരുദ്ധ ഫ്യൂഡൽ വിരുദ്ധ ശക്തികൾക്ക് അദ്ദേഹത്തെക്കുറിച്ച കേട്ടറിവുമാത്രമാണ് ഉണ്ടായിരുന്നത്. കേരളത്തിലെ സ്ഥിതിപോലും വ്യത്യസ്ഥമായിരുന്നില്ല. കേരളത്തിലെ കമ്മ്യൂണിസ്റ്റ് നേതാക്കൾ അദ്ദേഹം എഴുതിയ മാർക്സിന്റെ ജീവചരിത്രം 1946-ൽ പുനപ്രസാധനം ചെയ്തു. ഈ ലേഖന കർത്താവ് അന്ന് ഇതിന് അവതാരിക എഴുതിയിട്ടുണ്ട്. ആ കൃതിക്ക് കേരള ജനത ഹാർദ്ദമായ സ്വീകരണമാണ് നൽകിയത്. 1972-ൽ സി. അച്യുതമേനോന്റെ മുഖവുരയോടുകൂടി അതിന്റെ ആറാംപതിപ്പ് പുറത്തിറങ്ങി.

1957 ലെ പ്രഥമ കമ്യൂണിസ്റ്റ് മന്ത്രിസഭയുടെ ആദ്യകാല നടപടികളിലൊന്ന് സ്വദേശാഭിമാനി പ്രസ്സ് സ്ഥാപിച്ചിരുന്ന സ്ഥലത്തിന് എതിർവശത്തായി സൗകര്യപ്രദമായ ഒരു സ്ഥലത്ത് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ മനോഹരമായ പ്രതിമ സ്ഥാപിച്ചതും പ്രസ്സ് അതിന്റെ അവകാശികൾക്ക് മടക്കിക്കൊടുത്തതുമായിരുന്നു. പ്രതിമ അനാഛാദനം ചെയ്തുകൊണ്ടു അന്നു രാഷ്ട്രപതിയായിരുന്ന രാജേന്ദ്രപ്രസാദ് ചെയ്ത പ്രസംഗത്തിൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെപ്പോലുള്ള മഹാത്മാക്കളുടെ ത്യാഗത്തിന്റെ ഫലമാണ് ഇന്ത്യയുടെ സ്വാതന്ത്ര്യമെന്ന് വ്യക്തമാക്കപ്പെട്ടിരുന്നു. അങ്ങനെ ഇന്ത്യൻ ജനത അൽപം താമസിച്ചാണെങ്കിൽ പോലും ഏറ്റവും ഉന്നതമായ നിലവാരത്തിൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയ്ക്ക് രാജവാഴ്ചയ്ക്കും ബ്രിട്ടീഷ് സാമ്രാജ്യത്തിനും എതിരായ പോരാളിയെന്ന നിലയിലുള്ള സ്നേഹനിർഭരമായ ആദരാഞ്ജലികൾ അർപ്പിക്കുകയുണ്ടായി.

പ്രഭാത് ബുക്ക് ഹൗസ്
1978 ആഗസ്റ്റ്

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 10

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ലെനിനും ഭരണകൂടത്തെപ്പറ്റിയുള്ള സിദ്ധാന്തവും
2. മാർക്സിസവും വർഗ്ഗസമരവും
3. മാർക്സിസവും മതവും
4. ചരിത്രപരമായ ഭൗതികവാദം
5. ലക്ഷ്യങ്ങളും മാർഗങ്ങളും
6. സോഷ്യലിസ്റ്റ് രാജ്യം അക്രമിയാവുമോ?
7. കോൺഗ്രസ്സ്-കമ്യൂണിസ്റ്റ് ഐക്യം കൂടിയേ കഴിയൂ
8. നാഷണൽ കൗൺസിലിന്റെ തീരുമാനങ്ങൾ
9. ഇന്ത്യയെപ്പറ്റിയുള്ള ചൈനയുടെ വിശകലനം
10. ഒരു ഇന്ത്യൻ കമ്യൂണിസ്റ്റിന്റെ ഓർമക്കുറിപ്പ്
11. ശ്രീശങ്കരൻ ഹെഗൽ മാർക്സ്
12. വർഗ്ഗീയത ഭൂതകാലത്തിന്റെ പൈതൃകം
13. ജോർജ്ജ് ലൂക്കാച്ച്
14. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
15. രാഹുൽജി
16. ശ്രീനാരായണഗുരു


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014